**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 12, വ്യാഴം

നിയമസഭ രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) കാർഷിക വിളകളുടെ വിലയിടിവും കൃഷിനാശവുംമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. തോമസ് ഉണ്ണിയാടൻ: കേരളത്തിലെ കാർഷിക മേഖല ഇന്ന് തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പല വിധത്തിലുള്ള രോഗങ്ങൾമൂലം നെല്ല്, നാളികേരം, അടയ്ക്ക, കാപ്പി, തേയില, ഇഞ്ചി, ഏലം, കൊക്കൊ തുടങ്ങിയ നാണ്യവിളകളുടെ ഉല്പാദനം കുറയുകയും ഇടത്തട്ടുകാരുടെ ചൂഷണംമൂലം വിലയിടിവ് അനുഭവപ്പെടുകയും ചെയ്യുന്നതിനാൽ കാർഷികവൃത്തിയിൽനിന്നും കർഷകർ പിന്മാറിക്കൊണ്ടിരിക്കുന്നു. നെല്ലിന്റെ ഉല്പാദനവും ആവശ്യകതയും തമ്മിൽ വലിയ അന്തരമുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നെല്ലിന്റെ ഉല്പാദനച്ചെലവ് 300 ശതമാനം വർദ്ധിച്ചപ്പോൾ 90 ശതമാനമാണ് വില വർദ്ധനവു

ണ്ടായിട്ടുള്ളത്. യന്ത്രവൽക്കരണം, വിത്ത്-വളം സബ്സിഡി തുടങ്ങിയ നെൽക്കൃഷിയെ സഹായിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു പാക്കേജ് ഉണ്ടാക്കണം. കാർഷിക ഗവേഷണ ശാലകൾ, കാർഷിക സർവ്വകലാശാല, കൃഷിഭവനുകൾ എന്നിവയുടെ പ്രവർത്തനം സജ്ജീവ മാക്കണം. നെൽക്കൃഷിയിൽ സ്വയംപര്യാപ്തത നേടുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും തൃശൂർ ജില്ലയിൽ ഒരു കോൾ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. 113 പടവ് കമ്മിറ്റികളിലായി 26,000-ത്തോളം കർഷകരുടെ നിലവുമുണ്ട്. പീച്ചി ഡാം, ചിമ്മിനി ഡാം, കരുമന്നൂർ പുഴ എന്നീ ജലസ്രോതസ്സുകളിൽനിന്നും വെള്ളം ഈ പാടശേഖരങ്ങളിലെത്തിക്കുന്നതിന് നിർമ്മിച്ചിട്ടുള്ള കനാലുകളുടെ ഇരുവശവും അടിയന്തിരമായി ബലപ്പെടുത്തുകയും ആഴംകൂട്ടുകയും കനാലുകളിലും തോടുകളിലും പാടശേഖരങ്ങളിലുമുള്ള ചണ്ടിയും കുളവാഴയും പായലും നീക്കം ചെയ്യുകയും വേണം. കൃഷിക്കാവശ്യമായ വിത്തും വളവും മറ്റ് സാമഗ്രികളും കൊണ്ടുവരുന്നതിന് ഫാം റോഡുകൾ നിർമ്മിക്കണം. സീഡ് ഫാമുകളിലൂടെ മുന്തിയ വിത്തിനങ്ങൾ ലഭ്യമാക്കുന്നതിനും കൃഷി ഭവനുകളിലുള്ള കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, മരുന്ന് തളിയന്ത്രം എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. പമ്പിംഗ് സബ്സിഡി യഥാസമയം വിതരണം ചെയ്യണം. നെല്ല് സംഭരണത്തിന് സംവിധാനങ്ങൾ ഏർപ്പെടുത്തണം. ആവശ്യമായ ഫണ്ടും സാങ്കേതിക സഹായവും വിദഗ്ദ്ധോപദേശവും നല്കി നൂതന കൃഷിരീതികൾ അവലംബിക്കാൻ നടപടി സ്വീകരിക്കണം. കോൾ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് കൃഷി, ജലസേചനം, വിദ്യുച്ഛക്തി എന്നീ വകുപ്പുമന്ത്രിമാർ, കോൾ മേഖലയിലെ ജനപ്രതിനിധികൾ,

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു സംയുക്തയോഗം ചേരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ഇന്ന് വിലയിടിവ് മൂലവും പലവിധ രോഗങ്ങളാലും കൃഷി നാശം സംഭവിക്കുന്നുണ്ട്. കഴിഞ്ഞ പ്രകൃതിക്ഷോഭക്കാലത്ത് വിളനാശമുണ്ടായതിനെത്തുടർന്ന് കർഷകർക്ക് 726 ലക്ഷം രൂപ സാമ്പത്തിക സഹായമായി വിതരണം ചെയ്തതിൽ തൃശൂർ ജില്ലയ്ക്ക് 64,63,846 രൂപ നൽകി. നെല്ല് ഉൾപ്പെടെ 25 ഇനം കാർഷിക വിളകളെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾക്കുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇടുക്കി, ആലപ്പുഴ ജില്ലകൾക്ക് പ്രത്യേക പാക്കേജ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം കിലോഗ്രാമിന് എട്ടര രൂപ താങ്ങുവില നല്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിലെ കോൾ കൃഷി മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കനാലുകൾ, ബണ്ടുകൾ, കനാൽ പാലങ്ങൾ, നടപ്പാലങ്ങൾ, എഞ്ചിൻ ഷെഡ്ഡുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എൽ.ഡി.സി. മുഖേന നബാർഡിന്റെ സഹകരണ ത്തോടെ നടപ്പിലാക്കിവരുന്നു. തൃശൂർ ജില്ലയിലെ കോൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് രൂപീകരിച്ച തൃശൂർ കോൾനില വികസന ഏജൻസി പ്രവർത്തനം നടത്തിവരുന്നുണ്ട്. നെൽക്കൃഷി വികസന ഏജൻസി കൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം കോൾനില വികസന ഏജൻസിക്ക് 723 ലക്ഷം രൂപ കൃഷി വകുപ്പ് നല്കിയിട്ടുണ്ട്. വിത്ത്, വളം, കുമ്മായം എന്നീ ഉല്പാദന ഉപാധികളും ഉല്പാദന ബോണസ്സും സൗജന്യ വൈദ്യുതിയും കർഷകർക്ക് നല്കിവരുന്നുണ്ട്. കോൾ മേഖലയുടെ

അടിസ്ഥാന വികസനത്തിനായി കെ.എൽ.ഡി.സി. മുഖേന ഒന്നാം ഘട്ട വികസന പദ്ധതി പ്രകാരം 62.636 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിനായി 28.235 കോടി രൂപയ്ക്കുള്ള പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോൾ കൃഷി മേഖലയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ നിയമസഭാ സമ്മേളന കാലത്തു തന്നെ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിക്കാൻ ഏർപ്പാട് ചെയ്യുന്നതാണ്.

(2) മലയോര കർഷകർക്ക് പട്ടയം നല്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എസ്. രാജേന്ദ്രൻ: സംസ്ഥാനത്ത് 1977-ന് മുമ്പ് വനഭൂമിയിൽ പ്രവേശിച്ച് കൃഷി ചെയ്തുവരുന്ന കുടിയേറ്റക്കാർക്ക് നാളിതുവരെ പട്ടയം നല്കിയിട്ടില്ല. മലയോര പ്രദേശങ്ങളിൽ പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ആനുകൂല്യം ലഭിക്കുന്നതിനും താമസിക്കുന്ന വീടിന് നമ്പർ ഇടണമെങ്കിലും കൈവശരേഖ ആവശ്യമാണ്. ആദിവാസികളുടെ കൈവശഭൂമി ഫോറസ്റ്റ് അധികൃതർ കയ്യേറുന്ന സാഹചര്യമുണ്ട്. പട്ടയം ലഭിക്കാതെ കർഷകർ ആത്മഹത്യയ്ക്ക് ശ്രമിക്കുന്ന സംഭവങ്ങളുമുണ്ടാകാറുണ്ട്. കരം അടച്ച രസീത് ഇല്ലാതെ ബാങ്കിൽനിന്നും കാർഷിക വായ്പയെടുത്തവർക്ക് അത് പുതുക്കാൻ സാധിക്കാതെ പലിശയും പിഴപ്പലിശയും വർദ്ധിക്കുന്നു. കിട്ടിയിട്ടുള്ള പട്ടയം പോക്കുവരവ് ചെയ്യാനുള്ള അനുവാദം നല്കണം. ആദിവാസി മേഖലയിലെ കൃഷിക്കാരുടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അവർക്ക് എന്നത്തേയ്ക്ക് പട്ടയം കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം. കെ.ഡി.എച്ച്. ആക്ടിന്റെ പേരിൽ മൂന്നാർ, ദേവികുളം പഞ്ചായത്തുകളിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 1977–ന് മുമ്പ് വനഭൂമിയിൽ പ്രവേശിച്ച് കൃഷി ചെയ്തുവരുന്ന കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലെ മലയോര കർഷകർക്ക് 1993–ലെ പ്രത്യേക ചട്ട പ്രകാരം ഇപ്പോൾ പട്ടയം നല്കിവരുന്നു. മറ്റ് ജില്ല കളിൽ ഇതുസംബന്ധിച്ച് നടത്തിവരുന്ന സംയുക്ത പരിശോധന പൂർത്തി യാകുന്ന മുറയ്ക്ക് കേന്ദ്രാനുമതിയോടെ പട്ടയം നല്കുന്നതാണ്. ഇടുക്കി ജില്ലയിൽ വനഭൂമിയിലും കാർഡമം റിസർവ് മേഖലയിലും 1–1–1977–ന് മുമ്പുള്ള കുടിയേറ്റക്കാർക്ക് പട്ടയം നല്കുന്നതിന് കരിമണ്ണൂർ, ഇടുക്കി, മുരിക്കാശ്ശേരി, കട്ടപ്പന, നെടുങ്കണ്ടം, രാജാക്കാട് എന്നിവിടങ്ങളിൽ സ്പെഷ്യൽ തഹസീൽദാർമാരുടെ ഭൂമി പതിവ് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതുസംബന്ധിച്ച് വിവിധ കോടതികളിലുള്ള കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി, സംയുക്ത പരിശോധനയും പൂർത്തി യാകുന്നമുറയ്ക്ക് ആയിരക്കണക്കിന് മലയോര കർഷകർക്ക് പട്ടയം നല്കുവാൻ കഴിയുന്നതാണ്. തൃശൂർ ജില്ലയിൽ വനഭൂമി പതിവിന്റെ നിലവിലുള്ള അംഗീകൃത ലിസ്റ്റ് പ്രകാരം പട്ടയം നല്കാനുള്ള 2776 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയും പ്രത്യേക പ്ളീഡർമാരെ വച്ച് സുപ്രീം കോടതിയിലും ഹൈക്കോടതിയിലുമുള്ള കേസ്സുകൾ തീർപ്പാക്കിയും പട്ടയം നല്കാനുള്ള നടപടികൾ സ്വീകരിക്കുന്ന താണ്. 3 ജില്ലകളിൽ മീറ്റിംഗ് നടത്തിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ ജനപ്രതിനിധി കളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റവന്യൂ–ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി നടപടികൾ പൂർത്തി യാക്കി പട്ടയം നല്കാനാണ് ഉദ്ദേശിക്കുന്നത്. കെ.ഡി.എച്ച്.എ. മൂലം മൂന്നാർ, ദേവികുളം ഗ്രാമ പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾക്ക്

ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട് എന്നത് ശരിയാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടാറ്റായുടെ കൈവശമുള്ള ഭൂമിയുടെയും ഇതുമായി ബന്ധപ്പെട്ടുവരുന്ന മറ്റ് പ്രശ്നങ്ങൾക്കുമെല്ലാം 6 മാസത്തിനകം തീർപ്പു കല്പിക്കുന്നതിന് മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്. കെ.ഡി.എച്ച്.-വില്ലേജിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് പ്രത്യേക നടപടികൾ എടുത്തുവരുന്നു. 1977-ന് മുമ്പുള്ള കുടിയേറ്റക്കാരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹത്തിന്റെ പേരിൽ തപാൽ സ്റ്റാമ്പ് പുറത്തിറക്കണമെന്ന ആവശ്യം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഗുരുവായൂർ ക്ഷേത്ര പ്രവേശന സത്യാഗ്രഹസമരത്തിന്റെ 75-ാംവാർഷികം ആഘോഷിക്കുന്നത് 2006 നവംബർ 1-നാണ്. ആ സത്യാഗ്രഹസമരത്തിന്റെ സ്മരണ പുതുക്കുന്നതിനുവേണ്ടി ഒരു തപാൽ സ്റ്റാമ്പ് പുറത്തിറക്കാൻ സംസ്ഥാന ഗവണ്മെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേരളത്തിന്റെ സാമൂഹിക നവോത്ഥാന ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണ് ഗുരുവായൂർ ക്ഷേത്ര പ്രവേശന സത്യാഗ്രഹം. ഇതിന്റെ 75-ാം വാർഷികം 2006 നവംബർ 1-ന് ആഘോഷിക്കുകയാണ്. പ്രധാന സംഭവങ്ങളുടേയും മഹാന്മാരുടേയും സ്മരണയ്ക്കായി തപാൽ സ്റ്റാമ്പ് പുറത്തിറക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നത് കേന്ദ്ര വാർത്താവിനിമയ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയാണ്. ഏകദേശം 2 വർഷം മുമ്പേ ഇതിനായുള്ള

നടപടികൾ സ്വീകരിക്കേണ്ടതുണ്ട് എന്നാണ് പോസ്റ്റൽ അധികൃതർ അറിയിച്ചിട്ടുള്ളത്. ഈ ആവശ്യം ഇപ്പോൾ മാത്രമാണ് ഉന്നയിച്ചിരിക്കുന്നത് എന്നതുകൊണ്ട് ഉടൻ സ്റ്റാമ്പ് പുറത്തിറക്കുന്ന കാര്യം അംഗീകരിച്ചു കിട്ടാനിടയില്ല. എന്നാൽ തുടർന്നും കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി ഈ സ്മാരക സ്റ്റാമ്പ് പുറത്തിറക്കാൻ ശ്രമിക്കുന്നതാണ്.

(2) <u>കോന്നി താലൂക്ക് രൂപീകരണം</u>

<u>ശ്രീ.അടൂർ പ്രകാശ്:</u> വികസനരംഗത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശം എന്നുള്ള നിലയിൽ മലയോരമേഖലയായ കോന്നി കേന്ദ്രീകരിച്ച് ഒരു താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> :സംസ്ഥാനത്തെ ഓരോ പ്രദേശങ്ങളുടേയും ഭൂപ്രകൃതി, ജനസംഖ്യ, പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പഞ്ചായത്തിലെ ത്രിതല സിസ്റ്റം, സാമ്പത്തികസ്ഥിതി തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. മലയോര മേഖലയായ കോന്നി കേന്ദ്രീകരിച്ച് താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) <u>തെരുവ് നായ്ക്കളുടെ ഉപദ്രവം</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: തെരുവ് നായ്ക്കളെ ഭയന്ന് സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥ നഗരത്തിൽ നിലനിൽക്കുന്നതിനാൽ ലൈസൻസില്ലാതെ അലഞ്ഞുതിരിയുന്ന പട്ടികളെ പിടിക്കുന്നതിനുവേണ്ടി പട്ടിപിടുത്തക്കാർക്ക് ട്രെയിനിംഗ് നൽകാനും പട്ടിപിടിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥിരം സംവിധാനം ഉണ്ടാക്കാനും വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കാനും ആന്റി റാബീസ് വാക്സിൻ എല്ലാ ആശുപത്രികളിലും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവ് നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിന് കേരള പഞ്ചായത്ത്/മുനിസിപ്പൽ നിയമപ്രകാരം ഗവണ്മെന്റിന് അധികാരമുണ്ടായിരുന്നു. എന്നാൽ 2000-ൽ നിലവിൽ വന്ന അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളനുസരിച്ച് നായ്ക്കളെ കൊല്ലുന്നതിനു പകരം വന്ധ്യംകരിച്ച് പിടിച്ചസ്ഥാനത്തുതന്നെ തിരിച്ചുവിടാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നഗരകാര്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രായോഗികമായ ബുദ്ധിമുട്ടുകൾ കാരണം ഒരു തദ്ദേശഭരണ സ്ഥാപനത്തിനും പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല തെരുവ് നായ്ക്കളുടെ ശല്യം സംസ്ഥാനത്ത് വളരെ കൂടുകയും ചെയ്തു. ഇതിനിടയിൽ തെരുവ് നായ്ക്കളെ നശിപ്പിക്കുന്നതിനനുകൂലമായ ഓംബുഡ്സ്മാന്റെ വിധിയുണ്ടായി. ഹൈക്കോടതി ഡിവിഷൻ ബഞ്ച് ആ വിധി ശരിവയ്ക്കുകയും നഗരകാര്യ ഡയറക്ടറുടെ സർക്കുലർ പിൻവലിക്കുന്നതിന് ഉത്തരവിടുകയും ചെയ്തു. തെരുവ് നായ്ക്കളെ നശിപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യുക്തമായ നടപടി സ്വീകരിക്കുന്നതിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല.

(4) കൊടകര, ചാലക്കുടി, ഒല്ലൂർ മണ്ഡലങ്ങളുമായി ബന്ധപ്പെട്ട് സമഗ്ര ടൂറിസം

പ്രൊഫ. സി. രവീന്ദ്രനാഥ്: കൊടകര, ചാലക്കുടി, ഒല്ലൂർ എന്നീ മണ്ഡലങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന ചിമ്മിനി ഡാം പ്രദേശത്ത് ഒരു ടൂറിസം പാക്കേജിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അതിരപ്പിള്ളി, ചിമ്മിനി, പീച്ചി ഡാം പ്രദേശങ്ങളിലെ ടൂറിസം സാധ്യതകൾ ഗവണ്മെന്റിന്റെ പരിഗണനയിലുണ്ട്. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ അനന്തമായ ടൂറിസം സാധ്യതകൾ മനസ്സിലാക്കി ഒരു പദ്ധതിക്കും ഗവണ്മെന്റ് രൂപം കൊടുത്തിട്ടുണ്ട്. ഇതിനുവേണ്ടി കേന്ദ്രത്തിൽനിന്നും നൽകാമെന്ന് അറിയിച്ചിട്ടുള്ള 350 ലക്ഷം രൂപയുടെ ധനസഹായവും സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതമായ 150 ലക്ഷം രൂപയും ഉൾപ്പെടെ 500 ലക്ഷം രൂപയുടെ ഭരണാനുമതി ഇപ്പോൾ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് സഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം ഡയനാമിക് ലൈറ്റിംഗും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചിമ്മിനി, പീച്ചി ഡാമിന്റെ ടൂറിസം സാധ്യതകൾ മുൻനിറുത്തിക്കൊണ്ടുള്ള സമഗ്രമായ ഒരു ടൂറിസം പദ്ധതിയും ഗവണ്മെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പ്രദേശം ഒരു ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(5) പത്തനാപുരത്ത് ആർ.ഡി.ഒ.ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.ബി. ഗണേഷ്കുമാർ: പത്തനാപുരം താലൂക്കിലെ മിക്കവാറും സ്ഥാപനങ്ങളെല്ലാം പുനലൂരിലും ആർ.ഡി.ഒ.ഓഫീസ് കൊല്ലത്തുമാണ് സ്ഥിതിചെയ്യുന്നത്. അവിടെത്തെ ജനങ്ങളുടെ യാത്രാക്ളേശവും ബുദ്ധിമുട്ടും പരിഹരിക്കുന്നതിനായി പത്തനാപുരത്ത് ഒരു ആർ.ഡി.ഒ. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആദ്യത്തെ 5 വർഷത്തേയ്ക്ക് ഓഫീസ് നടത്താനുള്ള കെട്ടിടവും സൗജന്യമായ

വാടകയും പ്രൊവൈഡ് ചെയ്യാൻ ത്രിതലപഞ്ചായത്തുകളും അവിടത്തെ ജനപ്രതിനിധികളും തയ്യാറാണ്.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കൊല്ലം-തൃശ്ശൂർ ജില്ലകളിൽ ഒരു ആർ.ഡി.ഒ. ഓഫീസ് മാത്രമുള്ളതുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. പുതിയ ആർ.ഡി.ഒ. ഓഫീസ് തുറക്കുന്നത് സംബന്ധിച്ച് പല കമ്മീഷനുകളുടേയും റിപ്പോർട്ടുകളുണ്ടായിട്ടുണ്ടെങ്കിലും തീരുമാനമുണ്ടായിട്ടില്ലെന്നാണ് കാണുന്നത്. റിപ്പോർട്ട് കിട്ടുന്നതിലെ കാലതാമസവും ഇതിനുകാരണമാണ്. റവന്യു ഡിവിഷൻ, താലൂക്ക്, വില്ലേജ് എന്നിവയുടെ രൂപീകരണം സംബന്ധിച്ച് ജനപ്രതിനിധികളിൽനിന്നും സന്നദ്ധ സംഘടനകളിൽനിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഭൂ വിസ്തൃതി, ജനസംഖ്യ, ഓരോ പ്രദേശത്തിന്റേയും പിന്നോക്കാവസ്ഥ, സാമ്പത്തിക സ്ഥിതി, പുതിയ ആർ.ഡി.ഒ. ഓഫീസ് ആരംഭിക്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത ഇവ പരിശോധിച്ചു മാത്രമേ നയപരമായി തീരുമാനമെടുക്കാനാകൂ. പത്തനാപുരം കേന്ദ്രീകരിച്ച് റവന്യു ഡിവിഷൻ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം പരിശോധിച്ച് സജീവ ചർച്ചയിലൂടെ തീരുമാനമെടുക്കും.

(6) കായിക താരങ്ങളോട് റെയിൽവേ അധികൃതരുടെ അവഗണന

ശ്രീ. പി. സി. ജോർജ്: അഞ്ച് മൽസരങ്ങളിൽ സന്തോഷ് ട്രോഫി നേടിയതും മറ്റ് പല പ്രാവശ്യം ഫൈനലിൽ എത്തുകയും ചെയ്ത കായിക താരങ്ങളോട് മോശമായ സമീപനമാണ് കെ.എഫ്.എ. ഉൾപ്പെടെ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുമുണ്ടായത്. ഈ താരങ്ങൾക്ക് ഇന്നലെ മംഗളാ എക്സ്പ്രസ്സിൽ യാത്ര ചെയ്യുന്നതിന് രണ്ടാം ക്ലാസ് ടിക്കറ്റാണ് അനുവദിച്ചത്. 10.50-ന് പുറപ്പെടുന്ന ട്രെയിനിൽ യാത്ര ചെയ്യേണ്ട ഇവർക്ക് 11.30-നാണ് കൽക്കട്ടയിലെ കമ്പനിയിൽനിന്നും ബൂട്ടുകൾ എത്തിച്ചത്. ഇന്ന്

രാവിലെ പുറപ്പെടേണ്ട 36 അംഗങ്ങളുള്ള കേരള സ്കൂൾ നാഷണൽ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പ് ടീമിന് ഇന്നലെ വൈകുന്നേരമാണ് ടിക്കറ്റ് ഉറപ്പായത്. കായിക താരങ്ങളോടുള്ള അവഗണന അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ദേശീയ അന്തർദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് യാത്രാസൗജന്യം അനുവദിച്ചിട്ടുണ്ട്. റെയിൽവേ, കെ.എഫ്.എ. ഉൾപ്പെടെയുള്ള അസോസ്സിയേഷനുകൾ, സ്പോർട്ട്സ് കൗൺസിൽ എന്നിവരാണ് കായികതാരങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിന് മേൽനോട്ടം വഹിക്കേണ്ടത്. റെയിൽവേയുടെ ഭാഗത്തുനിന്നും എല്ലാം ചെയ്തുകഴിഞ്ഞുവെന്നാണ് ആധികാരികമായി ലഭിച്ച മറുപടി. ഇവർക്ക് യാത്രാനുകൂല്യങ്ങൾ അനുവദിക്കുന്നത് നിയമ പ്രകാരമാണ്. ഫസ്റ്റ് ക്ളാസിൽ 50 ശതമാനവും സെക്കന്റ് ക്ളാസ്സിൽ 75 ശതമാനവുമാണ് സൗജന്യം അനുവദിക്കുന്നത്. ഈ ആനുകൂല്യം ലഭിക്കാൻ കായിക താരങ്ങൾക്ക് സൗകര്യമുണ്ടാക്കി കൊടുക്കേണ്ട ചുമതല അതാത് അസോസിയേഷനുകൾക്കാണ്. സ്പോർട്ട്സ് കൗൺസിലിന് ബഡ്ജറ്റിൽ തുക അനുവദിച്ച് അസോസിയേഷനുകൾക്ക് അത് ഗ്രാന്റായി അനുവദിക്കുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച സംഭവത്തിൽ ഉണ്ടായ പിഴവ് മനസ്സിലായിട്ടില്ല. സ്പോർട്ട്സ് മന്ത്രി എന്ന നിലയിൽ വ്യക്തിപരമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കും.

(7) <u>കൊച്ചി ശാസ്ത്ര–സാങ്കേതിക സർവ്വകലാശാലയെ ഐ.ഐ.ടി. നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന ആവശ്യം</u>

<u>ശ്രീ.കെ.ബാബു</u>: കൊച്ചി ശാസ്ത്ര–സാങ്കേതിക സർവ്വകലാശാലയെ ഐ.ഐ.ടി. മാതൃകയിൽ പുതുതായി ആരംഭിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി സ്ഥാപനങ്ങളിൽ ഒന്നായി മാറ്റണമെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രത്തിൽ നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൊഫസർ അനന്തകൃഷ്ണൻ ചെയർമാനായ സമിതി സർവ്വകലാശാല സന്ദർശിച്ച് അനുകൂലമായി ശുപാർശ നൽകി. ഇതിനായി കേന്ദ്ര നിയമമോ ഓർഡിനൻസോ കൊണ്ടുവരേണ്ടതുണ്ട്. അതിലേയ്ക്കായി സംസ്ഥാന സർക്കാർ അനുമതി പത്രം നൽകുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: പ്രൊഫസർ അനന്തകൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം 11–ാം പദ്ധതിക്കാലത്ത് 518 കോടി രൂപയുടെ കേന്ദ്ര സാമ്പത്തിക സഹായം ലഭ്യമാക്കുന്ന വിധത്തിൽ കൊച്ചി–ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി, കൊച്ചി എന്ന് പുനർ നാമകരണം ചെയ്തുകൊണ്ട് ഐ.ഐ.ടി.യുടെയോ എൻ.ഐ.ടി.യുടെയോ അല്ലെങ്കിൽ കേന്ദ്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെയോ നിലവാരത്തിലേയ്ക്ക് ഉയർത്താൻ നിർദ്ദേശമുണ്ട്. ഈ മേഖലയിലെ പ്രവർത്തനത്തെ സംബന്ധിച്ച് മാസാമാസം അവലോകനം നടത്തണമെന്ന് ഈ ഗവൺമെന്റ് നിർദ്ദേശിക്കുകയും അതിനുവേണ്ടി പ്രത്യേക യോഗം വിളിച്ച് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്

സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ പ്രതികരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്കായി നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതുണ്ട്. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല കേരള നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ആരംഭിച്ചത് എന്നുള്ളതുകൊണ്ട് ഈ കാര്യത്തിൽ ചില സാങ്കേതിക തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. അതിന് വളരെ പ്രാധാന്യം കൊടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ അന്തരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനമാക്കി ഉയർത്താൻ നടപടി സ്വീകരിക്കും.

(8) <u>നെന്മാറയിൽ സബ് ട്രഷറി</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് നെന്മാറ, അയിലൂർ, പല്ലശ്ശന, മേലാർകോട്, എലവഞ്ചേരി, നെല്ലിയാമ്പതി പഞ്ചായത്തുകൾ ഉൾപ്പെടുന്ന പരിധി നിശ്ചയിച്ച് നെന്മാറയിൽ സബ് ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ഒരു സബ് ട്രഷറി പുതിയതായി ആരംഭിക്കുന്നതിന് 15 ലക്ഷം രൂപയും എല്ലാവർഷവും പ്രവർത്തനച്ചെലവായി 6 ലക്ഷം രൂപയും വേണം. പുതിയ ട്രഷറികൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ നെന്മാറയില്ല. നെന്മാറയിൽ സബ് ട്രഷറി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭിക്കുന്നത് ആദ്യമായാണ്. നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിൽ പ്രയോറിറ്റി ലിസ്റ്റിൽ നെന്മാറയെ ഉൾപ്പെടുത്തി പണത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സബ് ട്രഷറി ആരംഭിക്കുന്നതാണ്.

(9) അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കുവേണ്ടി സ്ഥലമെടുപ്പ്

ശ്രീ. ബാബു പോൾ: അങ്കമാലി, പെരുമ്പാവൂർ, കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, പാല, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളിൽക്കൂടെയുള്ള നിർദ്ദിഷ്ട അങ്കമാലി-ശബരി റെയിൽപ്പാതയ്ക്ക് 146 കിലോമീറ്റർ നീളമുണ്ട്. നിർദ്ദിഷ്ട റെയിൽപാതയുടേയും റെയിൽവേസ്റ്റേഷനുകളുടെയും നിർമ്മാണത്തിന് 470 ഹെക്ടർ ഭൂമി ആവശ്യമാണ്. ഈ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് റെയിൽവേ ബോർഡ് ആദ്യ ഗഡുവായി 3.55 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് ഏൽപ്പിച്ചിട്ട് രണ്ട് വർഷമായിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ലാന്റ് അക്വിസിഷൻ ഓഫീസുകൾ പെരുമ്പാവൂർ, മൂവാറ്റുപുഴ, തൊടുപുഴ, പാല, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ അടിയന്തിരമായി ആരംഭിക്കണം. റെയിൽപാത കടന്നുപോകുന്ന പ്രദേശങ്ങളിലെ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ കളക്ടർ എന്നിവരുടെ ഉന്നതതല യോഗം വിളിച്ചുകൂട്ടി തീരുമാനമെടുക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അങ്കമാലി-ശബരി പാത. സ്ഥലം എടുപ്പിന് 3.55 കോടി രൂപ 29.3.2003-ന് എറണാകുളം തഹസിൽദാർക്ക് റെയിൽവേ അനുവദിച്ചുകൊടുത്തിട്ടുണ്ട്. ആലുവ, അങ്കമാലി, നെടുമ്പാശ്ശേരി വില്ലേജുകളിലെ 7.3 ഹെക്ടർ സ്ഥലം സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. വടക്കുംഭാഗം, ചേലാമറ്റം, വറ്റൂർ പ്രദേശങ്ങളിൽപ്പെട്ട 22.37 ഹെക്ടർ സ്ഥലത്തിന് 14.12.2005-ൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം സ്ഥലമെടുപ്പിനായി പൊന്നുംവില ഓഫീസ് അനുവദിക്കുകയും 2006 മാർച്ച് മുതൽ എറണാകുളം ജില്ലയിൽ പെരുമ്പാവൂരിൽ പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ ഓഫീസ്

പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് മൂന്ന് ജില്ലകളിലൂടെ നിരവധി ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുപോകുന്ന ഏറ്റവും പ്രധാനപ്പെട്ട റെയിൽപാതയാണ്. ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും സഹകരണമുണ്ടെങ്കിൽ മാത്രമേ ഭൂമി ഏറ്റെടുക്കാൻ സാധിക്കൂ. പുതിയ ഓഫീസുകൾ തുടങ്ങുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും ബുദ്ധിമുട്ട് വരുമെന്നതിനാൽ ഈ പ്രദേശങ്ങളിലെ എം.പി.മാരേയും എം.എൽ.എ. മാരേയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരേയും ജനപ്രതിനിധികളേയും ജില്ലാ കളക്ടർമാരേയും ഉൾപ്പെടുത്തി ഒരു കോൺഫറൻസ് ഈ മാസം വിളിച്ചുകൂട്ടും. ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തി സ്ഥലം ഏറ്റെടുക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കും.

(10) കായംകുളം കായലും പരിസരപ്രദേശവും ഉൾപ്പെടുത്തി ടൂറിസം വികസനം

ശ്രീ. സി.കെ. സദാശിവൻ: ദേശീയ ജലപാതയും കായൽപ്പരപ്പും കണ്ടൽക്കാടുകളും കനാലുകളും ഉൾപ്പെട്ടതും വിദേശികളെയും സ്വദേശി കളെയും ആകർഷിക്കുന്നതുമായ കായംകുളം പ്രദേശത്തെ ടൂറിസം സാധ്യത കണക്കിലെടുത്ത് ഒരു പ്രോജക്ട് തയ്യാറാക്കി കായംകുളത്തെ ഒരു ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കായംകുളം കായലും പൊഴിയും ഉൾപ്പെട്ട പ്രദേശത്തെ വാട്ടർ സ്പോർട്ട്സിനുള്ള സാധ്യതയും ടൂറിസത്തിന്റെ പ്രാധാന്യവും കണക്കിലെടുത്ത് വിശദമായ ഒരു പ്രോജക്ട് തയ്യാറാക്കാൻ ആലപ്പുഴ ടൂറിസം ജില്ലാ പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(11) ഗോതമ്പ് തുല്യമായി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത.

ശ്രീ.വി.ഡി.സതീശൻ: കേന്ദ്രവിഹിതമായി ഇപ്പോൾ കിട്ടുന്ന ഗോതമ്പിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ ജില്ലകളുടെ വിഹിതത്തിൽനിന്ന് 5,000 മെട്രിക് ടൺ ഗോതമ്പ് ആട്ടയുണ്ടാക്കാനായി വിതരണം ചെയ്യുന്നതിനാൽ ആ ജില്ലകളിലെ ഗോതമ്പ് വിതരണം നിലച്ചിരിക്കുകയാണ്. കൂടാതെ ഗോതമ്പിന്റെ അലോട്ട്മെന്റും കുറച്ചിരിക്കുകയാണ്. സംസ്ഥാനത്തിന് കിട്ടേണ്ട ഗോതമ്പ് വിഹിതം വാങ്ങാൻ ശ്രമം നടത്തുന്നതോടൊപ്പം ഇപ്പോൾ ലഭ്യമാകുന്ന ഗോതമ്പ് നീതിപൂർവ്വകമായ രീതിയിൽ എല്ലാ ജില്ലകൾക്കും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി.ദിവാകരൻ): കേന്ദ്ര സർക്കാർ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കായി അനുവദിക്കുന്ന ഗോതമ്പ് വിഹിതം കുറച്ചതിനാലാണ് പ്രതിസന്ധിയുണ്ടായത്. വെട്ടിക്കുറച്ച വിഹിതം പുന:സ്ഥാപിക്കാനായി നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. കേന്ദ്രവിഹിതത്തിൽനിന്ന് 5,000 മെട്രിക് ടൺ ഗോതമ്പ് ആട്ടയാക്കാനായി കേരളാ സിവിൽ സപ്ളൈസ് കോർപ്പറേഷന് അനുമതി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഗോതമ്പ് നീതിപൂർവ്വകമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(12) ചേർത്തലയിലെ സുനാമി ദുരിതാശ്വാസപ്രവർത്തനങ്ങൾ

ശ്രീ. പി. തിലോത്തമൻ: സംസ്ഥാനത്തെ തീരദേശമുൾക്കൊള്ളുന്ന 9 ജില്ലകളിൽ നടപ്പിലാക്കിയ സുനാമി ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും വീടും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കാനും

ഇക്കാര്യത്തിൽ വന്ന വീഴ്ചകൾ പരിഹരിച്ച്, തദ്ദേശ ഭരണസ്ഥാപന ങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ തേടി സുതാര്യമായ രീതിയിൽ ആളുകൾക്ക് കൂടുതൽ ഗുണം ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സുനാമി എമർജൻസി റീഹാബിലിറ്റേഷൻ പ്രോഗ്രാം, സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാം എന്നിങ്ങനെ 1441 കോടി രൂപയുടെ രണ്ട് പദ്ധതികൾ വിവിധ വകുപ്പു കളിലൂടെ നടപ്പാക്കുന്നതിനായി വിവിധ വകുപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റുകളുടെ യോഗങ്ങൾ വിളിക്കുകയും പദ്ധതി നിർദ്ദേശങ്ങൾ അവലോകനം ചെയ്യുകയുമുണ്ടായി. കേന്ദ്ര പ്ളാനിംഗ് കമ്മിഷൻ മുമ്പാകെ പദ്ധതി നടത്തിപ്പിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുകയും സുനാമി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സെക്രട്ടേറിയറ്റിൽ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ മൊത്തം പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി ഈ മാസം 19-ാം തീയതി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേരുന്നുണ്ട്. കൂടാതെ എം.എൽ.എ.-മാരുമായി ഇത് സംബന്ധിച്ച് ചർച്ചയും നടത്തുന്നുണ്ട്. സംസ്ഥാനത്ത് സുനാമി ബാധിതർക്ക് 4055 വീടുകൾ നൽകിക്കഴിഞ്ഞു. നാശനഷ്ടം സംഭവിച്ച മൽസ്യബന്ധന തുറമുഖങ്ങളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും പുനരുദ്ധാരണ ത്തിനായി 13.07 കോടി രൂപയും അനുവദിച്ചു. സുനാമിയിൽ മരിച്ചവരുടെ വിധവകൾക്കുള്ള പ്രതിമാസ പെൻഷനും പെൺമക്കൾക്കുള്ള വിവാഹ ധനസഹായവും മുൻകാല പ്രാബല്യത്തോടെ സർക്കാർ വിതരണം ചെയ്തു.

കൂടാതെ 991.5 കോടി രൂപയുടെ മുതൽമുടക്കുള്ളതും അഞ്ചു വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതുമായ ദീർഘകാല പദ്ധതികളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(13) <u>ജയിലുകളിലെ വിചാരണ തടവുകാരുടെ ബുദ്ധിമുട്ടുകൾ</u>.

<u>ശ്രീ. എം. ഉമ്മർ:</u> സംസ്ഥാനത്തെ വിവിധ ജയിലുകളിലായി കഴിയുന്ന വിചാരണത്തടവുകാരെ പോലീസ് അകമ്പടിയില്ലാത്തതിനാൽ കോടതിയിൽ ഹാജരാക്കാൻ കഴിയാതെ വിചാരണ നീളുകയും അവർ അന്യായമായി ജയിലിൽ കിടക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: മതിയായ പോലീസ് സംരക്ഷണം നൽകാത്തതിന്റെ ഫലമായി വിചാരണത്തടവുകാരെ യഥാസമയം കോടതിയിലെത്തിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ട ഉടൻ ആവശ്യമായിട്ടുള്ള പോലീസ് സംരക്ഷണം നൽകി അവരെ കോടതിയിലെത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ പോലീസ് ഹെഡ്ക്വാർട്ടേഴ്സിലും നിർദ്ദേശം നൽകുകയും എല്ലാ ജില്ലകളിലും സായുധ റിസർവ്വ് പോലീസിലെ ഡെപ്യൂട്ടി കമാൻഡന്റിനെയോ അസിസ്റ്റന്റ് കമാൻഡന്റിനെയോ നോഡൽ ഓഫീസറായി നിശ്ചയിച്ചുകൊണ്ട് വീഴ്ച സംഭവിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇതു സംബന്ധിച്ച് പ്രതിമാസ റിപ്പോർട്ട് റെയ്ഞ്ച് ഡി.ഐ.ജി.മാർക്ക് നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ജില്ലാ പോലീസ് സൂപ്രണ്ട് ഇത് പരിശോധിച്ച് സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സിൽ റിപ്പോർട്ട് നൽകേണ്ടതാണ്.

മുൻകാലങ്ങളിൽ വന്നിട്ടുള്ള വീഴ്ചകൾ ഒഴിവാക്കാൻ നടപടികൾ എടുക്കുന്നതാണ്.

(14) <u>അന്യസംസ്ഥാനങ്ങളിൽനിന്നുള്ള കന്നുകാലികൾക്ക് വാക്സിനേഷൻ</u>

<u>ശ്രീമതി ഇ.എസ്. ബിജി മോൾ</u>: അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ കൊണ്ടുവരുന്ന കന്നുകാലികൾക്ക് കേരള മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ പ്രവേശനഫീസ് ഈടാക്കുന്നുണ്ടെങ്കിലും പ്രതിരോധ കുത്തിവയ്പ്പെടുക്കുന്നില്ല. വാക്സിനേഷൻ നടത്തിയെന്നുള്ള അന്യ സംസ്ഥാനങ്ങളുടെ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് കന്നുകാലികളെ കൊണ്ടുവരികയാണ് ചെയ്യുന്നത്. ഇങ്ങനെ കൊണ്ടുവരുന്ന കന്നുകാലികൾക്കായി ഷെൽട്ടർ നിർമ്മിക്കുന്നതിനും വാക്സിനേഷൻ നടത്തിയിട്ടാണോ കൊണ്ടുവരുന്നതെന്നുമുള്ള കാര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> കന്നുകാലികളെ ചെക്ക്പോസ്റ്റുകൾ വഴി കടത്തിക്കൊണ്ടുവരുന്നതിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച് നിലവിലുള്ള മെഷിനറി ഉപയോഗിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി പ്രകാരം സ്ഥാപിച്ച ചെക്ക്പോസ്റ്റുകൾ ആ പ്രദേശങ്ങൾ കാലിവസന്ത വിമുക്തമായി പ്രഖ്യാപിച്ചതോടെ വാക്സിനേഷൻ നിർത്തലാക്കി. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം പുറമേനിന്നുവരുന്ന കന്നുകാലികളുടെ ആരോഗ്യപരിശോധന നിരീക്ഷണത്തിനാണ് ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരെ നിയമിച്ചിരിക്കുന്നത്. കന്നുകാലികളുടെ ആരോഗ്യ പരിശോധന നടത്തുന്നതിനായി ദേശീയ ക്ഷീര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ഗോരക്ഷാ പദ്ധതിയും

നടപ്പിലാക്കിയിട്ടുണ്ട്. കുളമ്പ്രോഗം, ആന്ത്രാക്സ് തുടങ്ങിയ രോഗങ്ങൾക്കെതിരെ കുത്തിവയ്പെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും തിരിച്ചറിയലിനായി ഇയർടാഗ് ഇടുന്നതിനുമായി വലിയ മൃഗങ്ങൾക്ക് പത്ത് രൂപയും ചെറിയ മൃഗങ്ങൾക്ക് അഞ്ച് രൂപയും ഈടാക്കുന്നു. ചെക്ക്പോസ്റ്റുകളിൽ വരുന്ന കന്നുകാലികൾ മുഖ്യമായും മാംസാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നവയാണ്. ഇവയുടെ ആരോഗ്യ പരിശോധന കാര്യക്ഷമമാക്കുകയും വളർത്താനായി കൊണ്ടുവരുന്ന മൃഗങ്ങൾക്ക് ഗോരക്ഷാ പദ്ധതിപ്രകാരം കുത്തിവയ്പ് നൽകുകയും ചെയ്യുന്നുണ്ട്. വാഹനങ്ങളിൽ കന്നുകാലികളെ കൊണ്ടുവരുമ്പോൾ നിയമങ്ങൾ പാലിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് അയൽ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(15) <u>കാരാപ്പറമ്പ് എ.എം.എൽ.പി. സ്ക്കൂൾ അധ്യാപകന്റെ ആത്മഹത്യ</u>

<u>ശ്രീ. യു.സി. രാമൻ:</u> മലപ്പുറം ജില്ലയിലെ കാരാപ്പറമ്പ് എ.എം.എൽ.പി. സ്ക്കൂൾ അധ്യാപകൻ 2006 മാർച്ചിൽ മൂന്നു വർഷത്തെ ലീവെടുത്ത് വിദേശത്ത് ജോലിക്ക് പോയെങ്കിലും ജോലി തരപ്പെടാത്തതുകൊണ്ട് നാട്ടിൽ തിരിച്ചെത്തി ലീവ് റദ്ദാക്കി ജോലിയിൽ പ്രവേശിക്കാൻ ചെന്നപ്പോൾ സ്ക്കൂൾ മാനേജരും ഹെഡ്മാസ്റ്ററും ജോലിയിൽ തിരികെ പ്രവേശിക്കാൻ അനവദിക്കാത്തതിന്റെ ഫലമായി ആത്മഹത്യ ചെയ്യാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): കാരാപ്പറമ്പ് എ.എം.എൽ.പി. സ്ക്കൂൾ അധ്യാപകനായ

കോഴിക്കോട് കെ.കെ.ഹൗസിൽ ഷബീർ അഹമ്മദ് 5–09–2006–ന് വീട്ടിനുള്ളിലെ ഫാനിൽ തൂങ്ങിമരിച്ചതായി കാണപ്പെട്ടതിനെത്തുടർന്ന് മുക്കം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഷബീർ അഹമ്മദ് എഴുതിയ ആത്മഹത്യാക്കുറിപ്പ് പോലീസ് കണ്ടെടുത്തിട്ടുണ്ട്. ദീർഘകാല ശൂന്യവേതന അവധിയിലായിരുന്ന ഷബീറിനെ അവധി റദ്ദ് ചെയ്ത് ജോലിയിൽ പ്രവേശിക്കാൻ ഹെഡ്മാസ്റ്ററും മാനേജരും അനുവദിച്ചില്ലെന്നും ഭീഷണിയും മാനസിക പീഡനവുംമൂലമാണ് ആത്മഹത്യ ചെയ്തതെന്നു മുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ ഉൾപ്പെടുത്തി ഹെഡ്മാസ്റ്റർ അമീറിനേയും മാനേജർ അബൂട്ടിയേയും പ്രതികളാക്കി കേസ്സെടുത്തിട്ടുണ്ട്. കോടതി നിർദ്ദേശ പ്രകാരം രണ്ടുപേരേയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കൊടുവള്ളി സർക്കിൾ ഇൻസ്പെക്ടർ ഈ കേസ് ഏറ്റെടുത്ത് അന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(16) <u>പെരിയാർവാലി കനാലുകളുടെ ടെയിൽ എന്റിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ</u>

<u>ശ്രീ. എം.എം. മോനായി:</u> പെരിയാർവാലി ടെയിൽ എന്റിൽ വെള്ളം എത്തിക്കുന്നതിനും പമ്പിംഗ് സ്റ്റേഷനിലെ മോട്ടോറുകളുടെ അറ്റകുറ്റ പ്പണികൾ നവംബർ മാസമെങ്കിലും പൂർത്തീകരിക്കുന്നതിനും ആവശ്യ മായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>: പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ അറ്റകുറ്റപ്പണികൾക്കായി പ്രതിവർഷം 5 കോടി രൂപ ചെലവഴിച്ച് മിക്കവാറും എല്ലാ കനാലുകളുടേയും വാലറ്റംവരെ

വെള്ളമെത്തിക്കാൻ കഴിയുന്നുണ്ട്. കുന്നത്തുനാട് മണ്ഡലത്തിൽ 16 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി 3.8 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിവരികയാണ്. തിരുവാങ്കുളം, തോന്നല്ലൂർ, കാഞ്ഞിരമറ്റം, കളത്തൂർ, ആര്യപാടം എന്നീ കനാലുകളുടെ പണി പൂർത്തീകരിച്ചിട്ടില്ല. തോന്നല്ലൂർ കനാലിന്റെ പണികൾ പൂർത്തീകരിക്കാനാവശ്യമായ സ്ഥലം ലഭ്യമല്ല. മറ്റ് കനാലുകളുടെ പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(17) <u>ചിറക്കടവ് പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുടെ ഓഫീസ് കെട്ടിടം</u>

<u>പ്രൊഫ. എൻ. ജയരാജ്</u>: വാഴൂർ ചിറക്കടവ് പഞ്ചായത്തിൽപ്പെട്ട പൊൻകുന്നം ടൗണിലെ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസും സെക്ഷൻ ഓഫീസും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ പ്രതിവർഷം 2,07,600 രൂപ വാടകയിനത്തിൽ ഇലക്ട്രിസിറ്റി ബോർഡ് നൽകേണ്ടിവരുന്നു. കെട്ടിടയുടമ ഈ വർഷം മുതൽ 30 ശതമാനം കൂടുതൽ വാടക ആവശ്യ പ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വാഴൂർ ചിറക്കടവ് പഞ്ചായത്തിൽപ്പെട്ട പൊൻകുന്നം ടൗണിലെ കെ.എസ്.ഇ.ബി.യുടെ വക 17.70 ആർ സ്ഥലത്ത് ഡിവിഷൻ ഓഫീസും സെക്ഷൻ ഓഫീസും നിർമ്മിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലത്ത് ഒരു കെട്ടിടം പണിത് പൊൻകുന്നം ഇലക്ട്രിക്കൽ

ഡിവിഷൻ, സബ്-ഡിവിഷൻ, സെക്ഷൻ എന്നീ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം.**

നാലാം സബ്ജക്ട് കമ്മിറ്റിയുടെ 2004-2005 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2006-2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII – മത്സ്യബന്ധനം (42,10,38,000 രൂപ)

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII -വ്യവസായങ്ങൾ (171,81,66,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL– തുറമുഖങ്ങൾ (23,59,05,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും വ്യവസായങ്ങൾ എന്ന

XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ വി.ഡി.സതീശൻ, ആര്യാടൻ മുഹമ്മദ്, ജോർജ് മേഴ്സിയർ, കെ. സുധാകരൻ, എം.എ. വാഹീദ്, കെ.സി. വേണുഗോപാൽ, ടി.എൻ. പ്രതാപൻ, കെ. ബാബു, എം.മുരളി, എ.പി. അനിൽ കുമാർ, സി.ടി.അഹമ്മദ് അലി, അബ്ദുറഹിമാൻ രണ്ടത്താണി, ജോസഫ് എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, എം. ഉമ്മർ, യു.സി. രാമൻ, കെ. മുഹമ്മദുണ്ണി ഹാജി, കെ. കുട്ടി അഹമ്മദ് കുട്ടി, അടൂർ പ്രകാശ്, പി.കെ. അബ്ദുറബ്ബ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യ മേഖലയ്ക്ക് ബഡ്ജറ്ററി സപ്പോർട്ടായി നൽകുന്ന തുക വർദ്ധിപ്പിക്കണം. സാമൂഹികമായും തൊഴിൽപരമായും പിന്നോക്കംനിൽക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളോട് ഈ ഗവൺമെന്റ് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം; ഈ പിന്നോക്കാവസ്ഥയുടെ കാരണം പരിശോധിക്കണം. പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും നിത്യരോഗികളും ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരുമാണ്. തീരപ്രദേശത്തെ ജനസാന്ദ്രതയ്ക്കനുസൃതമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കണം. മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വീടും ഭൂമിയും കൊടുക്കണം. ഓലമേഞ്ഞ കുടിലുകളിലും പുറമ്പോക്ക് ഭൂമിയിലും താമസിക്കുന്നവർക്ക് പട്ടയം കൊടുക്കണം. സാംക്രമിക രോഗങ്ങൾ ഏറ്റവും കൂടുതലുണ്ടാകുന്ന ഈ പ്രദേശത്തെ ജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും

കുടിവെള്ളവും വൈദ്യുതിയും എത്തിക്കണം. മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽനിന്നും രക്ഷിക്കാൻ കടാശ്വാസ നിധി രൂപീകരിക്കുകയും കടാശ്വാസ നിയമമുണ്ടാക്കുകയും ചെയ്യണം. ഈ മേഖലയിലെ അടിമത്തം അവസാനിപ്പിക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ യന്ത്രവൽക്കരിക്കാനും ചെലവ് കുറഞ്ഞ ചെറിയ യൂണിറ്റുകളിലൂടെ സ്വന്തമായി മത്സ്യബന്ധനോപകരണങ്ങൾ ഉണ്ടാക്കാനും മത്സ്യബന്ധനം നടത്താനുമുള്ള നടപടി സ്വീകരിക്കണം. കുറഞ്ഞ പലിശയ്ക്ക് വായ്പയും പലിശ സബ്സിഡിയും കൊടുത്ത് ബോട്ട് വാങ്ങാനുള്ള സൗകര്യമുണ്ടാക്കണം. ഹാർബറുകൾ നവീകരിക്കാനും ചെലവ് കുറഞ്ഞരീതിയിലുള്ള പുലിമുട്ടുകൾ നിർമ്മിക്കാനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ചെയർമാനെ നിയമിക്കുകയും മത്സ്യഫെഡിനെ കാര്യക്ഷമമാക്കുകയും ചെയ്യണം. വൻകിട കയറ്റുമതിക്കാരിൽനിന്നും സെസ്സ് പിരിച്ചെടുക്കാൻ നിയമം കൊണ്ടുവരണം. ഇൻഷ്വറൻസ് കമ്പനിക്കാരുമായി ചർച്ച ചെയ്ത് മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും അപകടം പറ്റിയവർക്കും നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. എഞ്ചിൻ, വല എന്നിവ നശിച്ചാൽ അത് കേന്ദ്ര ഗവൺമെന്റിന്റെ നോംസിൽ ഉൾപ്പെടുത്താത്തതുകൊണ്ട് നഷ്ടപരിഹാരം ലഭിക്കാത്തതിനാൽ ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കി മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ കിട്ടാനുള്ള നടപടിയുണ്ടാകണം. തീരദേശ ജില്ലകളിലെ ഒരു വില്ലേജ് വീതം മോഡൽ ഹെറിറ്റേജ് വില്ലേജാക്കി വികസിപ്പിക്കണം. സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ തൊഴിലവസരം ലഭിക്കുന്ന അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം. ആവശ്യമായ പരിശീലനമുള്ള അദ്ധ്യാപകരെ നിയമിച്ചും പുതിയ കോഴ്സുകൾ അനുവദിച്ചും മറൈൻ അക്കാഡമി സ്ഥാപി

ക്കണം. മലബാർ ഫിഷറീസ് നിയമം, തിരുവിതാംകൂർ-കൊച്ചി ഉൾനാടൻ മത്സ്യബന്ധന നിയമം എന്നിവ സംയോജിപ്പിച്ച് ഒരു നിയമമുണ്ടാക്കണം. വിവിധ ഏജൻസികളെ സമന്വയിപ്പിക്കണം.

ശ്രീ. പി. ജയരാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് തുടങ്ങിവച്ച നടപടികൾ പരിശോധിച്ചാൽ ഈ ധനാഭ്യർത്ഥന കളെ എല്ലാവർക്കും അനുകൂലിക്കേണ്ടിവരും. സുനാമി ദുരിതാശ്വാസത്തിന് ലഭിച്ച തുക വകമാറ്റി ചെലവ് ചെയ്തതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷി ക്കുകയും ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകളുടെ ഭരണകാല ങ്ങളിലാണ് മത്സ്യത്തൊഴിലാളി മേഖലയിൽ കൂടുതൽ ക്ഷേമ പ്രവർത്തന ങ്ങൾ നടത്തിയിട്ടുള്ളത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ യു.ഡി.എഫ്. ഗവൺമെന്റ് പ്രതിസന്ധിയിലാക്കി. കയറ്റുമതിക്കാർ ക്ഷേമനിധി ബോർഡിലേയ്ക്ക് വിഹിതമടയ്ക്കാൻ ബാദ്ധ്യസ്ഥരല്ലെന്ന സുപ്രീം കോടതി വിധി മറികടക്കാൻ ശ്രമിക്കാതെ യു.ഡി.എഫ്. ഗവൺമെന്റ് കയറ്റുമതി ക്കാർക്ക് കൂട്ടുനിൽക്കുകയായിരുന്നു. ഈ സുപ്രീം കോടതി വിധി മറികടക്കാൻ നിയമനിർമ്മാണത്തിന് ഈ ഗവൺമെന്റ് മുന്നോട്ടുവരുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സുനാമി ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നൽകേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കൊടുത്തുതീർത്തത് ഈ ഗവൺമെന്റാണ്. മത്സ്യമേഖലയിലെ ജനങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാനാവശ്യമായ നടപടികൾ കൈക്കൊള്ളണം. 45 ദിവസത്തെ ട്രോളിംഗ് നിരോധനം സുപ്രീംകോടതി 62 ദിവസമായി ദീർഘി പ്പിച്ചതിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾ വളരെയധികം പ്രയാസം നേരിടുകയാണ്. പെരുമ്പാവൂർ ഗ്വാളിയോർ റയോൺസിനുവേണ്ടി 2000

കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് നടത്തുമെന്നും കാസർകോട് ജില്ലയിലെ അസ്ട്രാൾ വാച്ച് കമ്പനി പുനരുദ്ധരിക്കുമെന്നുള്ള യു.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപനം അവരുടെ ഭരണകാലത്ത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള റിബേറ്റും കഴിഞ്ഞ ഗവണ്മെന്റ് വെട്ടിക്കുറയ്ക്കുകയുണ്ടായി. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓണക്കാലത്ത് പൊതു മാർക്കറ്റിലെ വില നിയന്ത്രിക്കുന്നതിനുവേണ്ടി ചരിത്രത്തിലാദ്യമായി കൈത്തറി ഉല്പന്നങ്ങൾക്ക് 30 ശതമാനം റിബേറ്റ് നൽകി. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളോട് പ്രതിബദ്ധതയുള്ള ഗവണ്മെന്റാണിത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഒരു നിക്ഷേപ-സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള നടപടിയുടെ ഭാഗമായി 50,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിച്ച് ആഗോള നിക്ഷേപക സമ്മേളനം നടത്തുകയും 30,000 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തെങ്കിലും 330 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് കൊണ്ടുവരാൻ കഴിഞ്ഞത്. വിദേശ നിക്ഷേപകരെ കേരളത്തിലേയ്ക്കാകർഷിക്കാൻവേണ്ടി തൊഴിലാളികൾ പിടിച്ചുപറിക്കാരെന്ന് ചിത്രീകരിച്ച് യു.ഡി.എഫ്. സർക്കാർ ചുമട്ടുതൊഴിലാളി നിയമം കൊണ്ടുവന്നു. ആഗോളവൽക്കരണം അടിസ്ഥാന മാക്കിയുള്ള സ്വകാര്യവൽക്കരണം നടപ്പിൽവരുത്തണമെന്ന യു.ഡി.എഫ്-ന്റെ നയത്തോട് ഈ ഗവണ്മെന്റിന് യോജിപ്പില്ല. അതേ സമയം കേരളത്തിൽ വ്യവസായ നിക്ഷേപം വരുന്നതിനോട് എൽ.ഡി.എഫ്. ഒരിക്കലും എതിരല്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള നയസമീപനങ്ങളാണ് യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച്

പഠിക്കുന്നതിനായി യു.ഡി.എഫ്. സർക്കാർ നിയോഗിച്ച ചൗധരി കമ്മിറ്റി ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടി സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് സമർപ്പിച്ചത്. തുടർന്ന് ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാൻ എടുത്ത തീരുമാനം ശക്തമായ പ്രക്ഷോഭത്തെ തുടർന്ന് മാറ്റിവയ്ക്കുകയാണുണ്ടായത്. ചില സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിന് പത്രങ്ങളിൽ പരസ്യം നൽകുകയും സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ തൊഴിലാളികൾ തയ്യാറായില്ലെങ്കിൽ സ്വകാര്യ വ്യക്തികൾക്ക് കൈമാറുമെന്ന തീരുമാനം എടുക്കുകയുമുണ്ടായി. ലാഭത്തിലായിരുന്ന 6 പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിലാക്കുകയും ലാഭകരമായി നടത്താമായിരുന്ന ചില സ്ഥാപനങ്ങളിൽ അഴിമതി നടത്തി അവയുടെ പ്രവർത്തനം തകർക്കാൻ ശ്രമിക്കുകയും ചെയ്തു. അസംസ്കൃത സാധനങ്ങളുടേയും പാക്കിംഗ് മെറ്റീരിയൽസിന്റേയും വിതരണം നിക്ഷിപ്ത താല്പര്യക്കാരുടെ കൈകളിലാണ് എത്തിച്ചേർന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾക്ക് നിക്ഷേപം നടത്തുന്നതിനുള്ള സമ്മേളനങ്ങൾ നടത്തിയതിന്റെ ഫലമായി 1245 കോടി രൂപയുടെ എം.ഒ.യു. ഒപ്പുവയ്ക്കുകയുണ്ടായി. വ്യവസായവൽക്കരണം നടത്താൻ ആത്മാർത്ഥമായ പരിശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. തുറമുഖ വകുപ്പിൽ വികസനം ത്വരിതപ്പെടുത്തണം. അഴീക്കൽ തുറമുഖ പദ്ധതി എത്രയും വേഗം നടപ്പിലാക്കണം. വ്യവസായ സംസ്ക്കാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വ്യവസായികൾ കേരളത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്ന തിനെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്

പരിഗണിച്ച് വ്യവസായ സംരംഭകർക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വന്ന ട്രോളിംഗ് നിരോധനം കാരണമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ചാകര സീസണിൽ പ്പോലും കടലിൽ പോകാൻ കഴിയാതെ വന്നത്. ഇതിനെതിരെ സുപ്രീം കോടതിയിൽ കൗണ്ടർ അഫിഡവിറ്റ് കൊടുക്കാത്തതുകൊണ്ടും നല്ലരീതിയിൽ വാദിക്കാത്തതുകൊണ്ടുമാണ് ഈ സ്ഥിതി വന്നത്. മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവും മത്സ്യഫെഡിന്റെ പ്രവർത്തനവും നിശ്ചലമാണ്. കഴിഞ്ഞ ഗവൺമെന്റ് തീരദേശ വികസന ഏജൻസിക്ക് വകയിരുത്തിയ 10 കോടിരൂപ കൊടുത്തിട്ടില്ല. മത്സ്യത്തൊഴി ലാളികളെ പാടെ അവഗണിക്കുന്ന നയമാണ് ഈ സർക്കാരിനുള്ളത്. മാറി മാറി വന്ന ഗവൺമെന്റുകൾ പല പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിലും ഇന്നും മത്സ്യത്തൊഴിലാളികൾ പ്രശ്നങ്ങളുടെ നടുക്കടലിലാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് മത്സ്യ ത്തൊഴിലാളികൾക്കായി സബ്സിഡൈസ്ഡ് സ്കീമുകൾ നടപ്പിലാ ക്കേണ്ടതുണ്ട്. ഫിഷിംഗ് സെന്ററുകൾ, ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണം, കോസ്റ്റൽ ഏരിയയിൽ ഹെൽത്ത് പ്രോഗ്രാം തുടങ്ങണം, മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലം, സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി തുടങ്ങിയ ബൃഹത്തായ പദ്ധതികൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം. കോസ്റ്റൽ മാനേജ്മെന്റ് സോണിൽ വരുന്ന പദ്ധതികൾ അസംബ്ലിയിൽ ചർച്ച ചെയ്ത്

സംസ്ഥാനത്തിന് ദോഷകരമല്ലാത്തവിധത്തിൽ നടപ്പിലാക്കുന്നതിന് നടപടി എടുക്കണം. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ആസ്ഥാനം കേരളത്തിൽ സ്ഥാപിക്കാൻ നടപടി എടുക്കണം.

ശ്രീ.എൻ.അനിരുദ്ധൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 വർഷം ഒരു വ്യവസായ വികസനവും കേരളത്തിൽ ഉണ്ടായിരുന്നില്ല. കേരളത്തിലെ 3 കോടി 20 ലക്ഷം ജനങ്ങളിൽ 95 ശതമാനവും അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 'ജിം' ന്റെ ഭാഗമായി കോടിക്കണക്കിന് രൂപയുടെ നിക്ഷേപം വരുമെന്ന് ഉത്ഘോഷിച്ചെങ്കിലും കൊല്ലം ജില്ലയ്ക്ക് കിട്ടിയത് ഒരു സ്വർണ്ണക്കട മാത്രമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതകൊണ്ട് വ്യവസായ സ്ഥാപനങ്ങളാകെ അടച്ചുപൂട്ടുകയുണ്ടായി. കയർ,. കൈത്തറി, കശുവണ്ടി, കളള് ചെത്ത് തുടങ്ങിയ പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾ ദുരിതത്തിന്റെ വക്കിൽ എത്തി നില്ക്കുമ്പോഴാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. സാങ്കേതിക പരിജ്ഞാനമില്ലാത്ത ഉദ്യോഗസ്ഥനെ ഹാന്റക്സിൽ എം.ഡി. ആയി നിയമിച്ച് ആ സ്ഥാപനത്തെ തകർക്കുന്ന സമീപനമാണ് മുൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുളളത്. കയർ, കശുവണ്ടി, കൈത്തറി മേഖലകളിൽ അർപ്പണമനോഭാവത്തോടും ഇച്ഛാശക്തിയോടും കൂടിയ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മുഖ്യമായ തടസ്സം തൊഴിലാളികളാണെന്നുളള പ്രചണ്ഡ പ്രചാരണത്തിന്റെ ഫലമായി വ്യാവസായിക വളർച്ചയ്ക്കും നിക്ഷേപത്തിനും തടസ്സമുണ്ടായിട്ടുണ്ട്. വ്യവസായങ്ങൾ നിലനിറുത്തിക്കൊണ്ടും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടും വ്യവസായ

നയം രൂപീകരിക്കുന്നതിൽ യാതൊരു അപാകതയുമില്ല. കൊല്ലത്തെ ഓട് വ്യവസായവും കൈത്തറി സഹകരണസംഘങ്ങളും തുറന്നു പ്രവർത്തിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളിൽ സാങ്കേതിക പരിജ്ഞാനമുള്ളവരെ നിയമിക്കുന്നതിനാണ് ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൈത്തറി ത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ എന്നീ വിഭാഗങ്ങളെ നിലനിറുത്തുവാനുള്ള സാഹചര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നയസമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>പ്രൊഫ. എൻ. ജയരാജ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ 4 മാസത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണം കേരളത്തിലെ വ്യവസായ മേഖലയെ ആകെ തകർത്ത് തരിപ്പണമാക്കി എന്നുള്ള യാഥാർത്ഥ്യം വിസ്മരിക്കാൻ കഴിയുകയില്ല. ദീർഘകാലത്തെ പ്രക്രിയയിലൂടെ സാമ്പത്തിക വികസനത്തിന് പ്രചോദനം നൽകേണ്ട ഒരു മേഖലയാണിത്. 1960 മുതൽ 1980 വരെയുള്ള കാലഘട്ടങ്ങളിൽ ഫിഷിംഗ് ബോട്ട്, ട്രാക്ടർ, കമ്പ്യൂട്ടർ എന്നിവ കൊണ്ടുവന്നതിനെ എതിർത്ത സമീപനമാണ് എൽ.ഡി.എഫ്.-നുള്ളത്. മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് എന്ന സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിപ്പിക്കുവാനുള്ള ആത്മാർത്ഥമായ സമീപനം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. അന്തർ ദേശീയ തലത്തിലുള്ള ഡിമാന്റ് അനുസരിച്ച് ടൈറ്റാനിയം സ്പോഞ്ചും ടൈറ്റാനിയം മെറ്റൽസും ഉല്പാദിപ്പിക്കുവാനുള്ള നിർദ്ദേശം ഗവൺമെന്റ് മുമ്പാകെ വന്നിട്ടും അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഐ. ടി., ബി.ടി., നാനോ ടെക്നോളജി മേഖലകളിൽ ഉൾപ്പെടെ വരുംകാലഘട്ടങ്ങളിൽ

ഉണ്ടാകുന്ന വികസനം മുന്നിൽ കണ്ടുകൊണ്ട് യൂണിവേഴ്സിറ്റി തലത്തിൽ നടക്കുന്ന ഗവേഷണങ്ങൾ വരും നാളുകളിൽ വ്യവസായ മേഖലയ്ക്ക് ഉണ്ടാകാൻ പോകുന്ന ഡിമാന്റ് അനുസരിച്ചുള്ള കരിക്കുലം യൂണിവേഴ്സിറ്റി കളിൽ രൂപം കൊടുത്തുകൊണ്ട് വ്യാവസായിക വളർച്ചക്ക് അനുരൂപ മായവരെ സൃഷ്ടിക്കാനും യൂണിവേഴ്സിറ്റി റിസർച്ച് സംവിധാനം വ്യവസായ മേഖലയുമായി പരസ്പരം ബന്ധപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കണം. ഗവൺമെന്റുകൾ മാറിമാറി വരുമ്പോൾ പുതിയ നയസമീപന ങ്ങൾ പ്രഖാപിക്കുന്നതല്ലാതെ വ്യാവസായിക സംസ്ക്കാരത്തിലേയ്ക്ക് ഈ സംസ്ഥാനത്തെ കൊണ്ടുവരാനുള്ള ആത്മാർത്ഥമായ നടപടികൾ സ്വീകരി ക്കാത്തതുകൊണ്ട് തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്ന ഒരു സാഹചര്യം സംജാതമായിരിക്കുകയാണ്. ഇത്തരമൊരു വ്യാവസായിക സംസ്ക്കാരത്തി ലേയ്ക്ക് വ്യവസായത്തെ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ.എം.കെ.പ്രേംനാഥ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളികൾ ഏറ്റവും പാവപ്പെട്ടവരും ജീവിതത്തിൽ പ്രതിസന്ധി കൾ ഏറെ തരണം ചെയ്യുന്നവരുമായതിനാൽ എസ്.സി./എസ്.ടി. വിഭാഗ ങ്ങൾക്ക് നല്കുന്ന ആനുകൂല്യങ്ങൾ ഈ വിഭാഗങ്ങൾക്കും നല്കണം. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കണം. ഗവൺമെന്റ് നേരിട്ട് മണ്ണെണ്ണ വാങ്ങി മത്സ്യഫെഡ് വഴി തൊഴിലാളികൾക്ക് വിതരണം ചെയ്യണം. വള്ളങ്ങളിലും ബോട്ടുകളിലും ഗ്യാസ് ഉപയോഗിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി നല്കുന്ന സഹായ ധനമായ 40,000 രൂപ ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. ഹൗസിംഗ് സൊസൈറ്റികൾ മുഖേന കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിന് നടപടികൾ

സ്വീകരിക്കണം. 175 കോടി രൂപ ചെലവിൽ 5 വർഷം കൊണ്ട് തീരദേശത്ത് കണ്ടൽക്കാടും കാറ്റാടി മരങ്ങളും വച്ചുപിടിപ്പിക്കുമെന്നതും കടൽ തീരത്ത് താമസിക്കുന്നവർക്ക് 250 കോടി രൂപയുടെ ധനസഹായം നല്കുമെന്നതും മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള ധന സഹായം നല്കുമെന്നതും 75,000 മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ കൊടുക്കുന്നതിനും 150 കോടി രൂപയുടെ കുടിവെള്ള പദ്ധതി തീരദേശത്ത് ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമെന്നതും അഭിനന്ദ നാർഹമായ കാര്യങ്ങളാണ്. സുനാമി പുനരധിവാസ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഈ ഗവൺമെന്റ് സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. മത്സ്യ ത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും കൂടുതൽ സൗകര്യ ങ്ങളുണ്ടാക്കിക്കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. വിദേശ ട്രോളറുകളെ നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം. മത്സ്യത്തൊഴി ലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി കൂടുതൽ വിപുലീകരിക്കണം. ഹാർബർ മേഖലയിൽ കൂടുതൽ സൗകര്യങ്ങളുണ്ടാക്കുകയും തീരദേശത്ത് കുടിവെള്ളമെത്തിക്കുന്നതിനും ആശുപത്രി സൗകര്യങ്ങളുണ്ടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. വ്യാവസായിക രംഗത്ത് വളരെയധികം പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും വ്യവസായിക കേന്ദ്രങ്ങൾ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ അഭിനന്ദ നാർഹമാണ്. മലബാർ സ്പിന്നിംഗ് മില്ലും ട്രാവൻകൂർ സ്പിന്നിംഗ് മില്ലും ഉൾപ്പെടെ പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തി പ്പിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ള നടപടികൾ

സ്വാഗതാർഹമാണ്. കൈത്തറി മേഖലയിൽ ഇക്കഴിഞ്ഞ ഓണക്കാലത്ത് 30 ശതമാനം റിബേറ്റ് അനുവദിച്ചത് അഭിനന്ദനാർഹമാണ്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും പൊതുമേഖലയെ ശക്തിപ്പെടുത്താനും വ്യവസായപാർക്കുകൾ ആരംഭിക്കാനുമുള്ള വകുപ്പുമന്ത്രിയുടെ നടപടികളെ സ്വാഗതം ചെയ്യുന്നു. ചെറുകിട വ്യവസായ രംഗത്തെ പ്രോൽസാഹിപ്പിക്കുന്നതിന് കൺസോർഷ്യം ഉണ്ടാക്കുന്നതിനും ബ്ളേഡ് മാഫിയകളെ തകർക്കുന്നതിനും ഈ ഗവണ്മെന്റ് എടുത്ത നടപടികൾ ശ്ലാഘനീയമാണ്. കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസിന്റെ സ്ഥലത്ത് ഒരു പുതിയ വ്യവസായം ആരംഭിക്കണം. വടകരയിൽ വ്യവസായ വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്-ന്റെ 4 മാസത്തെ ഭരണം സംസ്ഥാനത്തെ വികസന മേഖലയിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ മേഖലയുടെ സമഗ്ര വികസനത്തിന് കേന്ദ്രനയം മാറ്റണം. കേന്ദ്ര ഗവണ്മെന്റിന്റെ കയറ്റിറക്കുമതി നയത്തിൽ വന്ന മാറ്റം കാരണം പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഉൽപന്നങ്ങൾക്ക് വിപണിയും ന്യായമായ വിലയും കിട്ടുന്നവിധം പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കണമെങ്കിൽ രാഷ്ട്രീയത്തിനതീതമായ ഒരു കാഴ്ചപ്പാട് ഉണ്ടാകണം. ഈ ഗവണ്മെന്റ് വന്നതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്ത് ഏറ്റവും യോഗ്യരായവരെ നിയമിച്ചതിന്റെ ഫലമായി നഷ്ടത്തിലായിരുന്ന പല സ്ഥാപനങ്ങളും ഇപ്പോൾ ലാഭത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. ഈ സർക്കാർ വ്യവസായ മേഖലയിൽ നടത്തി

യിട്ടുള്ള പുരോഗമനപരമായ മാറ്റങ്ങൾ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. മൽസ്യമേഖലയിലെ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഈ ഗവണ്മെന്റിന്റെ കാഴ്ചപ്പാട്. വലിയതുറ മിനി ഫിഷിംഗ് ഹാർബറിന്റെയും വിഴിഞ്ഞം തുറമുഖത്തിന്റെയും പണികൾ ഉടൻ ആരംഭിക്കുകയും ജീർണ്ണാവസ്ഥയിലായിരിക്കുന്ന വലിയതുറ കടൽപ്പാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ മൽസ്യമേഖലയിൽ പണിയെടുക്കുന്ന കുടുംബങ്ങളെ സംരക്ഷിക്കണം. ആ മേഖലയിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് മൽസ്യമേഖലയിൽ ഉപകാര പ്രദമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും പൂട്ടിയതിനെക്കുറിച്ചും ഈ സ്ഥാപനങ്ങളിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും അന്വേഷിക്കണം. യു.ഡി.എഫ്-ന്റെ കാലത്താണ് കരിമണൽ മാഫിയയെ സ്വകാര്യ കുത്തകകൾക്ക് അടിയറ വച്ചത്. പൊതുമേഖലയിൽ കഴിഞ്ഞ അഞ്ചുവർഷം നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. കേരളത്തിന്റെ സമഗ്ര പുരോഗതിക്കുവേണ്ടി വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുകയും അഴീക്കൽ, ബേപ്പൂർ, തങ്കശ്ശേരി തുടങ്ങിയ തുറമുഖങ്ങളെ നവീകരിക്കുകയും വേണം.

<u>ശ്രീ.കെ.ബി. ഗണേഷ് കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മന്ത്രി മന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ആരോപണത്തിൽ മന്ത്രിമാർ വീട് ഒഴിയുകയല്ല, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയാണ്

ചെയ്യേണ്ടത്. രാഷ്ട്രീയക്കാർ ജനങ്ങളെ ഭയപ്പെടാതെ സത്യം തുറന്നു പറയണം. ഈ ഗവൺമെന്റ് പാസ്സാക്കിയ സ്വാശ്രയ നിയമത്തിലൂടെ പണക്കാരുടെ മക്കൾക്ക് സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച് ക്ളാസ്സ് തുടങ്ങിയിട്ടും സംവരണതത്വം അനുസരിച്ച് അഡ്മിഷൻ കിട്ടേണ്ട പാവപ്പെട്ട വിദ്യാർത്ഥികൾ അഡ്മിഷൻ കിട്ടാതെ ബുദ്ധിമുട്ടുകയാണ്. വിദ്യാഭ്യാസ രംഗം തകർന്നു. ചിക്കുൻ ഗുനിയമൂലം ഇന്നലേയും കുറേപ്പേർ മരിച്ചു. പി.ഡബ്ള്യു.ഡി.യിൽ കാര്യമായ പ്രവർത്തനം നടക്കുന്നില്ല. റോഡുകൾ മുഴുവൻ മോശമാണ്. വ്യവസായ മേഖലയിൽ കാപ്പക്സിലും കാഷ്യൂ കോർപ്പറേഷനിലും ഏറ്റവും കൂടുതൽ ദിവസം ജോലി കൊടുത്തത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നോട്ടിഫിക്കേഷൻ നടപ്പിലാക്കണം. തോട്ടം തൊഴിലാളി മേഖലയിലും ഫാമിംഗ് കോർപ്പറേഷനിലും പ്ളാന്റേഷൻ കോർപ്പറേഷനിലു മൊക്കെയുള്ള തൊഴിലാളികൾക്ക് യു.ഡി.എഫ്.ഗവൺമെന്റിന്റെ കാലത്താണ് കൂടുതൽ ശമ്പളം നൽകിയത്. സ്വാശ്രയ സംഘങ്ങളിലൂടെ സ്ത്രീകൾക്ക് തൊഴിൽ നൽകുന്ന കയർ മേഖലയിലെ പദ്ധതി പുന:സ്ഥാപിക്കണം. പി.എം.ആർ.വൈ. പദ്ധതി പ്രകാരമുള്ള ബാങ്ക് ലോൺ കുറച്ചു പേർക്കുകൂടി ലഭ്യമാക്കുന്ന രീതിയിൽ നടപടി സ്വീകരിക്കണം. ഗവൺമെന്റ് മേഖലയിൽ ഐ.ആർ.ഇ.ക്ക് ആവശ്യമായ കരിമണൽ ഖനനം ചെയ്യുകയും സ്വകാര്യ മേഖലയിലെ ഖനനം തടയുകയും അത് എന്നന്നേയ്ക്കുമായി നിറുത്തി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. 'ജിം'-ന് ശേഷമാണ് കേരളം നിക്ഷേപ-സൗഹൃദ സംസ്ഥാനമായി മാറിയത്.

<u>ശ്രീ. രാമചന്ദ്രൻ: കടന്നപ്പള്ളി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് വ്യവസായ വികസനത്തിന് പുതിയ ദിശാബോധം നൽകികൊണ്ട് സമഗ്ര പുരോഗതിക്കുവേണ്ടിയുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു. സംസ്ഥാനത്ത് പുതിയ വ്യവസായ അന്തരീക്ഷം സൃഷ്ടി ച്ചതിന്റെ ഫലമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സാഹചര്യ മുണ്ടായി. ക്രമസമാധാനനില ഭദ്രമായി. പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാതെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചും പുതിയ വ്യവസായ സംരംഭങ്ങളിലൂടെ വ്യവസായവൽക്കരണമെന്നതാണ് സർക്കാരിന്റെ നയം. പൊതുമേഖലയെ രക്ഷിക്കാൻ ധീരമായ നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. പൂട്ടിക്കിടന്ന മലബാർ സ്പിന്നിംഗ് മിൽ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, ആലപ്പുഴയിലെ കെ.എസ്.ഡി.പി. എന്നിവ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. 14 പൊതു മേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഐ.ടി. മേഖലയിൽ വികസനം ലക്ഷ്യംവച്ച് തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി ഇൻഫോ പാർക്കിലും നിക്ഷേപകർ നിരവധി കമ്പനികളുമായി ചർച്ച നടത്തിയത് വ്യവസായ പുരോഗതിയുടെ നാഴികക്കല്ലാണ്. പൊതുമേഖലാ ബാങ്ക് മേധാവികളുടെ യോഗവും വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന യോഗവും തകർച്ചയെ നേരിടുന്നതും അടച്ചു പൂട്ടിയതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് വഴിതെളിക്കും. സാമ്പത്തിക രംഗത്ത് ഉദാരവൽക്കരണത്തിന്റെയും ആഗോള വൽക്കരണത്തിന്റെയും ഫലമായി കേരളത്തിലെ ഖാദി ഗ്രാമ വ്യവസായം തകർച്ചയിലേയ്ക്ക് നീങ്ങുകയാണ്. ഖാദി ഗ്രാമീണ ഉൽപ്പന്നങ്ങളുടെ തനതായ വിപണന മൂല്യത്തെ ഉയർത്തിക്കാട്ടി കയറ്റുമതിയടക്ക

മുള്ളവയ്ക്കുള്ള സാധ്യതകൾ ഉറപ്പാക്കണം. ഖാദി വസ്ത്ര നിർമ്മാണത്തിലും വിപണനത്തിലും നവീന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അത്തരം പദ്ധതികൾ വൻതോതിൽ കേരളത്തിൽ ഖാദി കമ്മീഷന്റെ സഹായത്തോടെ നടപ്പാക്കിയാൽ ഖാദി മേഖലയെ രക്ഷപ്പെടുത്താനാകും. കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ 50–ാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭ ത്തിൽ ഖാദി ഉൽപ്പന്നങ്ങൾക്ക് 10 ശതമാനത്തിലധികം റിബേറ്റ് നൽകണം. കുട്ടികൾക്കും ചെറുപ്പക്കാർക്കുമിടയിൽ ഖാദി പ്രസ്ഥാനത്തിന് പ്രചരണം നൽകണം. സ്കൂളുകളിൽ ഒരാഴ്ചയിൽ ഒരു ദിവസമെങ്കിലും ഖാദി യൂണിഫോം ഏർപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കണം. കൈത്തറി മേഖലയിലും ഇത് പരീക്ഷിക്കണം. കേരളത്തിൽ ഉത്പ്പാദിപ്പിക്കുന്ന ഖാദി ഉൽപ്പന്നങ്ങൾ കേരളത്തിലെ മറ്റു സ്ഥാപനങ്ങൾക്ക് നൽകുമ്പോൾ വാറ്റിൽനിന്ന് ഒഴിവാക്കണം. തൊഴിൽ സാധ്യതയുള്ള ഈ രംഗത്ത് ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കണം. കാലപ്പഴക്കമുള്ള ചർക്കകളും തറികളും മാറ്റി പുതിയവ നൽകാൻ സത്വര നടപടിയുണ്ടാവണം. തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടുവരുന്ന തിനായി കേന്ദ്ര ഖാദി ഗ്രാമവ്യവസായ കമ്മിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണം. ഹെറിറ്റേജ് ഫാബ്രിക് എന്ന നിലയിൽ ഒരു ഫാഷൻ ഫാബ്രിക്കായി ഖാദി വസ്ത്രത്തെ ശാസ്ത്രീയമായി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. കൈത്തറി–ഖാദി ഗ്രാമവ്യവസായ കമ്മീഷൻ അഹമ്മദാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനു മായി ബന്ധപ്പെട്ട് ഖാദി വസ്ത്രത്തിന്റെ വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് രൂപം കൊടുക്കണം. ബീഡി വ്യവസായം പ്രതിസന്ധി

നേരിടുകയാണ്. ദിനേശ് ബീഡിക്ക് 4 കോടി രൂപ നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ബീഡി വ്യവസായത്തിന്റെ രക്ഷയ്ക്കായി കൂടുതൽ സഹായങ്ങൾ നൽകണം. കൈത്തറിമേഖലയുടെ വികസനത്തിനും കയറ്റുമതിക്കും സാധ്യതയുള്ള അവസരത്തിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിംഗിന്റെ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിന് വിദേശ നാണ്യ നിക്ഷേപത്തിൽ കനത്ത സംഭാവന നൽകുന്ന മത്സ്യ മേഖല കേന്ദ്ര നയം മൂലം പ്രതിസന്ധിയിലാണ്. സുനാമി ദുരന്തത്തിനുശേഷം കടൽമേഖല പൊതുവെ തകർച്ചയിലാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയതും കയറ്റുമതിക്കാരിൽനിന്ന് സെസ്സ് പിരിക്കുന്ന നടപടിയും സ്വാഗതാർഹമാണ്. അംഗത്വം ലഭിക്കാത്ത മത്സ്യ ത്തൊഴിലാളികളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. മത്സ്യക്കച്ചവട മേഖലയിൽ പ്രത്യേകിച്ച് സ്ത്രീകളെ ചൂഷണത്തിൽനിന്ന് രക്ഷിക്കാൻ അവർക്ക് പലിശ രഹിത വായ്പ ഡിപ്പാർട്ടു മെന്റുവഴി നൽകാൻ നടപടി സ്വീകരിക്കണം. മത്സ്യബന്ധനത്തിനിടയിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകണം. തീരപ്രദേശത്ത് 100 മത്സ്യഭവനുകൾ നിർമ്മിക്കുന്ന പരിപാടി പ്രാവർത്തികമാക്കണം. പുതിയ വ്യവസായ നയം പ്രാവർത്തികമാക്കുന്നതിന് സാധ്യമായ മനുഷ്യ-പ്രകൃതി-വിഭവശേഷി സമാഹരിച്ചുകൊണ്ട് മുന്നോട്ടുപോകണം. ഇൻഡ്യയുടെ വ്യവസായ ഭൂപടത്തിൽ കേരളത്തിന് അർഹമായ സ്ഥാനം നേടിയെടുക്കുന്നതിനുള്ള നടപടികൾ വകുപ്പുമന്ത്രി യിൽനിന്നുമുണ്ടാകണം. മത്സ്യമേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസ

ങ്ങൾക്ക് പരിഹാരം കാണുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് മത്സ്യ വ്യവസായ നയം രൂപീകരിക്കണം.

ശ്രീ.എം.ചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പലയിടത്തും വ്യവസായ നാമ്പുകൾ മുളച്ചുവന്നുകൊണ്ടിരിക്കുകയാണ്. വ്യവസായ ത്തകർച്ചയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് സംസ്ഥാനത്തുണ്ടായി രുന്നത്. കഴിഞ്ഞ ഗവൺമെന്റ് വ്യവസായത്തിന്റെ പേരിൽ മണ്ണും വെള്ളവും വിൽപ്പന നടത്തുന്ന സമീപനമാണ് സ്വീകരിച്ചത്. യു.ഡി.എഫ്. സർക്കാർ തയ്യാറാക്കിയ സ്മാർട്ട് സിറ്റി കരാർ ഇന്ന് ഇന്റർ നെറ്റിലാണ്. 25000 പേർക്ക് തൊഴിൽ കിട്ടാൻ സാധ്യതയുള്ള ഇൻഫോ പാർക്ക് സൗജന്യമായി വിട്ടുകൊടുത്തുകൊണ്ട് വിദേശ റിയൽ എസ്റ്റേറ്റ് കമ്പനിയുമായി കരാർ ഉണ്ടാക്കാനാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ശ്രമിച്ചത്. ഈ ഗവൺമെന്റ് ദുബായ് ഇന്റർനെറ്റ് സിറ്റിയുമായുള്ള കരാറിൽ ഏർപ്പെടാൻ ശ്രമിച്ചുകൊണ്ടി രിക്കുകയാണ്. ഈ കരാറിലെ വ്യവസ്ഥകൾ വ്യത്യസ്തമാണ്.

**ക്രമപ്രശ്നം**

റൂൾ വേവ് ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ ഇന്നാണ് പാസ്സാക്കുന്നത്. നിയമസഭാ ചട്ടപ്രകാരം അത് ഉച്ചയ്ക്ക് ശേഷം 1.30-ന് പാസ്സായിരിക്കണം. അങ്ങനെയല്ലായെന്നുണ്ടെങ്കിൽ ചട്ടങ്ങൾ വേവ് ചെയ്തുകൊണ്ടുള്ള തീരുമാനം സഭ എടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: റൂൾ വേവ് ചെയ്യാം. ഉച്ചയ്ക്ക്ശേഷം 1.30-ന് ഡിമാന്റ്സ് പാസ്സാക്കണമെന്ന റൂൾ സഭ വേവ് ചെയ്തിരിക്കുന്നു.

<u>ശ്രീ.എം.ചന്ദ്രൻ</u> (തുടർച്ച): കേരളത്തിന്റെ ചരിത്രത്തിലാദ്യമായി മലമ്പുഴ അണക്കെട്ട് വിൽപ്പനയ്ക്കായി ആഗോള ടെണ്ടർ വച്ചത് യു.ഡി.എഫ്. സർക്കാരാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭത്തിന്റെ ശ്രമഫലമായാണ് ആ നീക്കം തടഞ്ഞത് പെരിയാറിൽനിന്ന് ഒരു ദിവസം 25 ലക്ഷം ലിറ്റർ വെള്ളം വിൽപ്പന നടത്താനും എറണാകുളം മുതൽ കൊല്ലം വരെയുള്ള കടലിലെ മണ്ണെടുത്ത് കഴുകി വിദേശത്ത് കയറ്റി അയയ്ക്കാനുമുള്ള ഒരു പദ്ധതിയും നടപ്പാക്കാൻ യു.ഡി.എഫ്. സർക്കാർ ശ്രമം നടത്തി. ആ പദ്ധതി പ്രാവർത്തികമായാൽ അറബിക്കടലിലെ വെള്ളം പെരിയാറിൽ കയറുകയും കൊച്ചി നഗരവാസികൾക്ക് കുടിവെള്ളം മുട്ടുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകും. അതിന് തടയിടാൻ ശ്രമിച്ചതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. മലബാർ സിമന്റ്സ് ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങളെ കഴിഞ്ഞ അഞ്ചു കൊല്ലക്കാലം അഴിമതിയുടെയും ദുർവ്യയത്തിന്റെയും കൂത്തരങ്ങാക്കി മാറ്റി. യു.ഡി.എഫ്. തകർത്ത വ്യവസായ മേഖലയെ സമുദ്ധരിക്കാനും സംരക്ഷിക്കാനുമുള്ള നടപടികളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിക്കുന്നത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ലാഭം കൊയ്യുന്നത് ഐ.ടി. വ്യവസായമാണ്. 2004-ൽ ഇൻഡ്യയിൽ 74,000 കോടി രൂപയുടെ സോഫ്റ്റ് വെയർ എക്സ്പോർട്ട് നടന്ന സ്ഥാനത്ത് 2005-ൽ ഒരു ലക്ഷം കോടി രൂപയായി വർദ്ധിച്ചിട്ടും ഐ.ടി., ബി.ടി. വ്യവസായ മേഖലയുടെ കാര്യത്തിൽ കേരളം ഇന്നും പിന്നിലാണ്. കേരളത്തിൽ ഐ.ടി. ബേസ്ഡ് കോഴ്സുകളിൽ പഠിച്ച് 40,000-ത്തോളം ഉദ്യോഗാർത്ഥികൾ വർഷംതോറും പുറത്തിറങ്ങുന്നു

വെങ്കിലും അവർക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ ലഭിക്കാത്തതിന് കാരണം എന്താണെന്ന് പരിശോധിക്കണം. ഐ.ടി. മേഖലയിൽ വിദേശ-സ്വദേശ കമ്പനികളെ കൊണ്ടുവരാനും ഐ.ടി. മേഖലയ്ക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും മുൻ ഗവണ്മെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇന്റർനെറ്റ് കണക്ഷൻ കൂടുതലുള്ള കേരളത്തിൽ ഐ.ടി. മേഖലയിൽ വരാൻ പോകുന്ന വികസനം മുന്നിൽ കണ്ടുകൊണ്ട് ഈ രംഗത്ത് വരും വർഷങ്ങളിലെങ്കിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ ഗവണ്മെന്റ് തയ്യാറാകണം. കേരളത്തിൽ ഐ.ടി. സമ്മിറ്റുകൾ സംഘടിപ്പിക്കുകയും ഐ.ടി. റിസോഴ്സസിനെപ്പറ്റി ഇൻവെസ്റ്റേഴ്സിന് മനസ്സിലാക്കിക്കൊടുക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം. വിദേശ രാജ്യങ്ങളിൽ ഔട്ട്സോഴ്സിംഗ് സമ്മിറ്റ് നടത്തി പുറത്തുനിന്നുള്ള വർക്കുകൾ സംസ്ഥാനത്ത് എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത് ടെക്നിക്കലായി ഐ.ടി. പ്രൊഫഷണൽസ് മുന്നിലാണെങ്കിലും കമ്മ്യൂണിക്കേഷൻ സ്ക്കിൽ-ന്റെ കാര്യത്തിൽ പുറകിലാണ്. ഇത് പരിഹരിക്കാനായി ഗവണ്മെന്റ് തലത്തിൽ നടപടി സ്വീകരിക്കണം. ഐ.ടി. സെക്ടറിൽനിന്ന് റിട്ടയർ ചെയ്യുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി അവരെക്കൊണ്ട് ചെറിയ ഔട്ട്സോഴ്സിംഗ് ഐ.ടി. കമ്പനികൾ തുടങ്ങാൻ സർക്കാർ മുൻകയ്യെടുക്കണം. പത്ത് വർഷത്തെ പരിചയവും സ്വന്തമായി സോഫ്റ്റ് വെയർ മാർക്കറ്റിംഗ് ഡെവലപ് ചെയ്യാൻ താൽപ്പര്യവുമുള്ളവർക്ക് ലോണും മറ്റു സൗകര്യങ്ങളും കൊടുക്കാൻ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ആരംഭിച്ച അക്ഷയ പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. ഇംഗ്ളീഷ് വായിക്കാനും കമ്പ്യൂട്ടർ കീ പരിജ്ഞാനവുമുള്ളവരെ നിയോഗിച്ച് അക്ഷയ പ്രോജക്ട് മറ്റു

ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കണം. കേരളത്തിലെ ഐ.ടി. സാധ്യത ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ ഇ. ട്യൂട്ടർ രംഗത്ത് കൂടുതൽ തൊഴില വസരങ്ങൾ സൃഷ്ടിച്ച് റിസോഴ്സ് പൂൾ ഉണ്ടാക്കി അക്ഷയ പദ്ധതിയുമായി കോ-ഓർഡിനേറ്റ് ചെയ്ത് തൊഴിലില്ലായ്മ പരിഹരിക്കാൻ ശ്രമിക്കണം. ടെക്നോപാർക്ക്, ഇൻഫോ പാർക്ക് എന്നിവിടങ്ങളിൽ ചെറിയ കമ്പനികളെക്കൂടി ഉൾക്കൊള്ളിക്കാനുള്ള നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടുവരണം. കേരളത്തിനകത്തും പുറത്തുമുള്ള ഐ.ടി. കമ്പനികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി ഐ.ടി. മിഷന്റെ കീഴിൽ സൗകര്യങ്ങൾ ഉണ്ടാക്കണം. സ്മാർട്ട് സിറ്റി പദ്ധതി യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്നതാണെങ്കിലും എൽ.ഡി.എഫ്. ഗവണ്മെന്റ് നിശ്ചയിച്ച ടേംസിൽ തന്നെ കരാർ ഒപ്പിടാൻ ഡി.ഐ.സി. തയ്യാറായത് ഈ ഗവണ്മെന്റിന്റെ ഇച്ഛാശക്തിയെയാണ് കാണിക്കുന്നത്. ഒക്ടോബർ മാസത്തെ ശമ്പളം റംസാൻ പെരുന്നാളിന് മുമ്പ് ജീവനക്കാർക്ക് വിതരണം ചെയ്യാൻ നടപടി ഉണ്ടാകണം.

{<u>ശ്രീ. കെ. കെ. ജയചന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാർ പരമ്പരാഗത വ്യവസായ മേഖലയേയും പൊതുമേഖലയേയും തകർച്ചയിലേയ്ക്ക് നയിക്കുന്ന നടപടികളാണ് സ്വീകരിച്ചിരുന്നത്. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് എ.ഡി.ബി.യുടെ നിബന്ധനകൾക്ക് വഴങ്ങിയാണ് യു.ഡി.എഫ്. ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളെ സമീപിച്ചത്. യു.ഡി.എഫ്. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ചൗധരി കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ട്

അംഗീകരിച്ചതിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ വ്യക്തികളുടെ കൈകളിലേയ്ക്ക് എത്താനുള്ള കേന്ദ്ര സർക്കാരിന്റെ വ്യവസായ നയം അതേപടി കേരളത്തിൽ പകർത്തുകയാണ് ചെയ്തത്. അതിന്റെ ഫലമായി പല പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കാൻ തീരുമാനമെടുത്തുവെങ്കിലും പ്രമുഖ ട്രേഡ് യൂണിയൻ സംഘടനകളുടെ അതിശക്തമായ സമരത്തിന്റെ ഫലമായി സ്വകാര്യവൽക്കരണം സാധ്യമായില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കാത്ത നയസമീപനമാണ് കഴിഞ്ഞ ഗവൺമെന്റ് കൈക്കൊണ്ടത്. പൊതുമേഖലയ്ക്കായി നീക്കിവച്ച 302 കോടി രൂപയിൽ 150 കോടി രൂപ തൊഴിലാളികൾക്ക് വി.ആർ.എസ്. കൊടുക്കാനും ബാക്കി വൺ ടൈം സെറ്റിൽമെന്റ് പ്രകാരം ബാധ്യതകൾ തീർത്ത് സ്വകാര്യവൽക്കരിക്കുന്നതിനും വേണ്ടിയാണ് വിനിയോഗിച്ചത്. സ്ഥിരമായി നഷ്ടം വരുത്തുന്ന 5 കമ്പനികൾ അടച്ചുപൂട്ടുകയും 7 സ്ഥാപനങ്ങളുടെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. 2001–ൽ 128 കോടി രൂപ ലാഭമുണ്ടാക്കിയ കെ.എം.എം.എൽ. 2005–2006 ആയപ്പോഴേയ്ക്കും നഷ്ടത്തിലായി. യോഗ്യരായ മറ്റ് അപേക്ഷകർ ഇല്ലാത്തതിനാൽ കരിമണൽ ഖനനത്തിന് കെ.ആർ.ഇ.എം.എൽ.–ന് 30 വർഷത്തെ പാട്ടത്തിന് ആലപ്പാട് വില്ലേജിലെ 48.2157 ഹെക്ടർ സ്ഥലം കൊടുക്കാൻ തീരുമാനിച്ച് നൽകിയ ഉത്തരവ് നടപ്പാക്കേണ്ടതില്ലെന്ന് ഈ ഗവൺമെന്റ് തീരുമാനിക്കുകയാണ് ചെയ്തത്. സുനാമി ഫണ്ട് മുഖ്യമന്ത്രിയുടെ പ്രത്യേക ഫണ്ടായി കൈകാര്യം ചെയ്യണമെന്ന നിയമസഭാ തീരുമാനം കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയില്ല. ട്രോളിംഗ് നിരോധനം ഉണ്ടായശേഷം വൻകിടക്കാരും സാധാരണക്കാരും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടാകാത്തത് ഈ വർഷം മാത്രമാണ്. അത്

എൽ.ഡി.എഫ്–ന്റെ നയസമീപനംകൊണ്ടാണ്. കേരളത്തിന്റെ വ്യവസായ രംഗത്ത് വമ്പിച്ച പുരോഗതിക്ക് ഒരു തുടക്കം കുറിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജോർജ് മേഴ്സിയർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാരിന് ആവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും കൊടുത്ത് സഹായിക്കേണ്ട ഭരണകക്ഷി അംഗങ്ങൾ കഴിഞ്ഞ സർക്കാരിനെ അതിനിശിത മായി വിമർശിക്കുവാനാണ് കൂടുതൽ സമയവും കണ്ടെത്തിയത്. ഇൻഡ്യ യുടെ മത്സ്യ സമ്പത്തിന്റെ 20 ശതമാനത്തോളം ഉൽപാദിപ്പിക്കുന്നത് കേരളത്തിലാണ്. ഏകദേശം 3 ശതമാനം വരുമാനം ഇതുവഴി സർക്കാരിന് കിട്ടുന്നുണ്ട്. എന്നാൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് അതിന് ആനുപാതികമായ പ്രയോജനം ലഭിക്കുന്നില്ല. ഈ വകുപ്പുമായി ബന്ധപ്പെട്ട് ഏകദേശം 34–ഓളം സംസ്ഥാന ഏജൻസികളും 14–ഓളം കേന്ദ്ര ഏജൻസികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ടവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് ഏജൻസികൾ തമ്മിൽ ഒരു ഏകോപനം ഉണ്ടാവണം. കേരളത്തിൽ 12 ലക്ഷത്തോളം മത്സ്യത്തൊഴിലാളി കളുണ്ട്. എന്നാൽ കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗത്തിന്റെ പ്രശ്നം വരുമ്പോൾ കേരളത്തിൽ 6 ലക്ഷം മത്സ്യത്തൊഴിലാളികളേ ഉള്ളൂവെന്ന മറൈൻ ഏജൻസിയുടെ നാഷണൽ സർവ്വേ പ്രകാരമുള്ള കണക്ക് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും; അതിനെക്കുറിച്ച് സർക്കാർ ശ്രദ്ധിക്കണം. ഇൻഡ്യയ്ക്ക് ആവശ്യമായ ക്രൂഡ് ഓയിൽ യു.എൽ.സി.സി. പോലുള്ള കപ്പലുകളിൽ വിഴിഞ്ഞം തുറമുഖത്ത് കൊണ്ടുവരാൻ കഴിഞ്ഞാൽ സംസ്ഥാനത്തിന് വലിയ ലാഭവും അതുവഴി ആയിരക്കണക്കിന് കോടി യു.എസ്. ഡോളർ വിദേശനാണ്യവും ലഭിക്കും. ഇപ്പോൾ ഈ കപ്പലുകൾ

കൊളംബോയിലാണ് നങ്കൂരമടിക്കുന്നത്. ഈ കപ്പലുകൾ വരുന്ന അന്താരാഷ്ട്ര റൂട്ടിൽനിന്നും വിഴിഞ്ഞം തുറമുഖത്തിന്റെ ദൂരം 3 കിലോമീറ്റർ മാത്രമാണ്. ലോകത്ത് ഏറ്റവും ആഴം കൂടിയ അഞ്ചാറ് തുറമുഖ ങ്ങളിലൊന്നാണ് വിഴിഞ്ഞം തുറമുഖം. അതുപോലെ യു.എൽ.സി.സി. കപ്പലുകൾക്ക് കേടുവന്നാൽ അത് നന്നാക്കുന്നതിനുള്ള ഡ്രൈ ഡോക്ക് ഫെസിലിറ്റി ഇൻഡ്യയിലെ ഒരു തുറമുഖത്തും ഇന്നില്ല. അത് വിഴിഞ്ഞം തുറമുഖത്ത് ഉണ്ടാക്കാൻ കഴിയണം. വിഴിഞ്ഞത്ത് ഒരു താപനിലയം ഉണ്ടാക്കി അതിനാവശ്യമായ കൽക്കരി ഈ കപ്പലുകൾ വഴി കൊണ്ടുവരാനും കഴിഞ്ഞാൽ കേരളത്തിനാവശ്യമായ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻ കഴിയും. കേരളത്തിലെ ഈ തുറമുഖം യാഥാർത്ഥ്യമാക്കാനുള്ള നിലപാട് സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖം, തിരുവനന്തപുരത്തെ തുമ്പ റോക്കറ്റ് ലാഞ്ചിംഗ് സ്റ്റേഷൻ എന്നിവയുടെ കാര്യത്തിൽ എന്താണ് വേണ്ടതെന്നതിനെക്കുറിച്ച് ഒരു തുറന്ന സമീപനവും തീരുമാനവു മുണ്ടാകണം.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>: ധനാഭ്യർത്ഥനകളെ അനുകൂലി ക്കുന്നു. സംസ്ഥാനത്തെ കായലുകളും പുഴകളും മലിനമാകുന്നതുമൂലം മത്സ്യസമ്പത്ത് ഇല്ലാതാകുന്ന സ്ഥിതിവിശേഷം മത്സ്യത്തൊഴിലാളികളുടെ തൊഴിൽ കുറയ്ക്കാനിടയാക്കുന്നു. കായലുകൾ കയ്യേറുന്നതുമൂലം കായലിന്റെ വിസ്തൃതി കുറയുന്നു. കയറ്റുമതിയെ ആശ്രയിച്ചാണ് മത്സ്യ ത്തൊഴിലാളികളുടെ വരുമാനം നിലനിൽക്കുന്നത്. കയർ, കശുവണ്ടി മേഖലകളിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും ഉല്പന്നങ്ങൾ സംഭരിച്ച് വിറ്റഴിക്കുന്നതിനും തൊഴിലാളികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും നടപടികളുണ്ടാകണം. ദിനേശ് ബീഡി കമ്പനിയിൽ തൊഴിൽ ദിനങ്ങൾ

കുറവാണെങ്കിലും ആ പ്രദേശത്ത് സ്വകാര്യ മേഖലയിൽ ബീഡി തെറുപ്പ് നടക്കുന്നുണ്ടെന്ന സത്യം നിഷേധിക്കാനാവില്ല. പയ്യന്നൂർ ചാലിയം തെരുവിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾക്ക് മാർക്കറ്റുണ്ടാക്കി കൊടുക്കണം. കരിമണൽ ഖനനത്തെ സംബന്ധിച്ച യു.ഡി.എഫ്-ന്റെ നിലപാട് വ്യക്തമാക്കണം. കരിമണൽ ഖനനം സംബന്ധിച്ച് ഈ സർക്കാരിന് വ്യക്തമായ തീരുമാനമെടുക്കാൻ കഴിയണം. വിഴിഞ്ഞം തുറമുഖത്തിന്റെ ടെന്റർ ചൈനീസ് കമ്പനിക്ക് കൊടുക്കാൻ പാടില്ലെന്ന പ്രതിപക്ഷത്തിന്റെ നിലപാട് ശരിയല്ല. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ കരിമണൽ ഖനനവും കേരളത്തിലെ കരിമണൽ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടു പോകുന്നതും നിയന്ത്രിക്കണം. ഉല്പന്നങ്ങൾക്ക് വാല്യൂ അഡീഷൻ കൂട്ടിക്കൊടുത്ത് വ്യവസായങ്ങളെ ശക്തിപ്പെടുത്തണം.

<u>ശ്രീ. രാജാജി മാത്യൂ തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ മേഖലയിൽ പണിയെടുക്കുന്ന ലക്ഷോപലക്ഷം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും വ്യവസായ മേഖലയ്ക്കും പ്രതീക്ഷയും പ്രത്യാശയും നൽകുന്ന ഒരു വ്യാവസായിക നയവും സമീപനവും ആണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കേരളത്തിലെ 10 ലക്ഷത്തിലധികം വരുന്ന പരമ്പരാഗത തൊഴിലാളികളെ അവഗണിച്ച് ഉദാരവൽക്കരണത്തിന്റെ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടാണ് ഐക്യജനാധിപത്യമുന്നണി ഭരണം നടത്തിയത്. കയർ, കശുവണ്ടി, കൈത്തറി മേഖലയിൽ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനും ആ വ്യവസായങ്ങളെ ഉറപ്പിച്ചുനിർത്തുന്നതിനും ഈ സർക്കാർ നടപടി ആരംഭിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. പൊതുമേഖലാ വ്യവസായങ്ങളെ

പരിരക്ഷിക്കുന്നതിനുള്ള ശ്രമവും പദ്ധതിയും ഈ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങളെ വികസിപ്പിക്കാനും പുനരുദ്ധരിക്കാനുംവേണ്ടിയുള്ള ദൗത്യം തുടങ്ങിവയ്ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 5 വർഷം പൊതുമേഖലാ വ്യവസായങ്ങൾ അവഗണിക്കപ്പെടുകയും സാമൂഹ്യലക്ഷ്യങ്ങൾ നിറവേറ്റുന്ന തിൽ പരാജയപ്പെടുകയും ചെയ്തു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ മികവ് ഉറപ്പുവരുത്തുന്നതിന് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള 20 ഇന പരിപാടി ശ്രദ്ധേയമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ നയിക്കാൻ കഴിയുന്ന കോമ്പിറ്റന്റ് ആയ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ഒരു സെലക്ഷൻ ബോർഡ് രൂപീകരിക്കാനുള്ള ഈ ഗവൺമെന്റിന്റെ തീരുമാനവും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എടുത്ത നടപടികളും സ്വാഗതാർഹമാണ്. വൈവിദ്ധ്യവൽക്കരണവും ആധുനിക സാങ്കേതികവിദ്യയും ഏർപ്പെടുത്തി കളിമൺ വ്യവസായ സ്ഥാപനങ്ങളും ഓട്ടു കമ്പനികളും നിലനിർത്താൻ അടിയന്തിര നടപടി സ്വീകരിക്കണം. ഈ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സഹായം നൽകണം. ഫലഭൂയിഷ്ഠമായ മേൽമണ്ണ് നീക്കി കളിമൺ ഖനനം ചെയ്തതിനുശേഷം മേൽമണ്ണ് തിരികെ നിക്ഷേപിച്ച് അത് കൃഷി ഭൂമിയായി നിലനിർത്താനുള്ള സംവിധാനം കൊണ്ടുവരണം. ഈ രംഗത്ത് ആവശ്യമായ ഗവേഷണങ്ങൾ നടത്തി അതിന്റെ ഫലങ്ങൾ ജനങ്ങളിലെത്തിക്കാൻ കഴിയണം. നാഷണൽ ഹൈവേ 47–ന്റെ ഇരുവശത്തുനിന്നും മുറിക്കേണ്ടിവരുന്ന മരങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന തൃശൂരിലെ പാക്കിംഗ് കെയ്സ് വ്യവസായത്തിന് ഉപകരിക്കുന്ന തരത്തിൽ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ നടപടി

സ്വീകരിക്കണം. ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ടെക്സ്റ്റൈൽ വ്യവസായത്തെ പരിരക്ഷിക്കാൻ ഒരു പദ്ധതിക്ക് രൂപം നൽകണം. നിലവിലുള്ള വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ ബോധപൂർവ്വമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സർക്കാർ വക ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിലും ഷെഡ്ഡുകളിലും അനുയോജ്യമായ വ്യവസായങ്ങൾ ആരംഭിച്ച് ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് തൊഴിൽ നൽകുന്നതിന് ആവശ്യമായ രീതിയിൽ വ്യവസായ നയം രൂപീകരിക്കണം. മത്സ്യബന്ധനരംഗത്തും തുറമുഖ രംഗത്തും സംസ്ഥാനത്തിന്റെ താൽപര്യ ങ്ങൾക്കും ജനങ്ങളുടെ പ്രതീക്ഷകൾക്കും അനുസൃതമായി നയം രൂപീകരിച്ച് നടപ്പാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷം ഉണ്ടായിരുന്നത് ദുരുപയോഗം ചെയ്യുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. വ്യവസായ മേഖല യിൽ തൊഴിലാളികളുടെ പണിമുടക്കും സമരവുംമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. ക്രമസമാധാന നില ഭദ്രവുമാണ്. എന്നിട്ടും കേരളം വ്യാവസായിക രംഗത്ത് പിന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. വ്യാവസായിക നിക്ഷേപത്തിൽ കേരളത്തിന് അർഹമായ വിഹിതം കേന്ദ്ര ഗവൺമെന്റ് നല്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുന്നു. സംസ്ഥാന ഗവൺമെന്റിന്റെ വ്യാവസായിക മൂലധനത്തി ലുള്ള അപര്യാപ്തതയും വ്യാവസായിക നിക്ഷേപത്തിന് കേന്ദ്രഗവൺമെന്റ് അർഹിക്കുന്ന പരിഗണന നല്കാത്തതും വ്യവസായം വരാത്തതിന് ഉത്തര വാദികൾ രാഷ്ട്രീയക്കാരും തൊഴിലാളികളുടെ പണിമുടക്കവുമാണെന്നുള്ള

പ്രചരണവുമാണ് വ്യവസായ രംഗത്തെ ദ്രോഹിച്ചിട്ടുള്ളത്. തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുകയും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യണം. കേരളത്തിൽ വ്യാവസായിക വളർച്ചയ്ക്കാവശ്യമായ സംവിധാനമുണ്ടാക്കണം. തൊഴിലാളികളുടെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായേ വ്യവസായങ്ങൾ ആരംഭിക്കാവൂ. തകർന്നുതരിപ്പണമായ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പുതിയ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടിയും സ്വീകരിക്കണം. മുൻ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ എട്ടോളം പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് അധികാരമേറ്റ് 4 മാസക്കാലത്തിനുള്ളിൽ എട്ടരക്കോടി രൂപ മുടക്കി തീരപ്രദേശത്തെ കയർ ഉല്പന്നങ്ങളും ഫാക്ടറി ഉല്പന്നങ്ങളും വാങ്ങി കയർ മേഖലയെ സംരക്ഷിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. മുൻ ഗവൺമെന്റ് നിറുത്തലാക്കിയ കയർ തൊഴിലാളികൾക്കുള്ള പെൻഷൻ പുനരാരംഭിക്കുകയും കുടിശ്ശിക മുഴുവൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.സെൽഫ് ഹെൽപ്പ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും "കേരള കയർ ബോർഡ്" രൂപീകരിക്കുകയും വേണം. കയർ ബോർഡിന് ലഭിക്കേണ്ട അർഹമായ വിഹിതം കേരള കയർ ബോർഡ് വാങ്ങി കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് ഉപയോഗിക്കണം. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കയർ തിരിച്ചറിയുന്നതിനുവേണ്ടി "കേരള കയർ" എന്ന ട്രേഡ് മാർക്കോടുകൂടി വേൾഡ് മാർക്കറ്റിൽ

സ്ഥാനം നേടാനുള്ള സാഹചര്യമുണ്ടാക്കണം. സൊസൈറ്റികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക ദുർവിനിയോഗം ചെയ്യപ്പെടാതെ അവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ വിതരണം ചെയ്യണം. ഡിസ്ട്രസ്സ് പർച്ചേസ്സിന് ഒക്ടോബർ 15 വരെ സമയം അനുവദിച്ചി ട്ടുണ്ടെങ്കിലും ഫണ്ടുണ്ടെങ്കിൽ രണ്ട് ആഴ്ച കൂടി നീട്ടിക്കൊടുത്ത് അത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. സർക്കാരിന് നഷ്ടം വരാത്ത രീതിയിൽ ഡിസ്ട്രസ്സ് പർച്ചേസ് നടപ്പാക്കുമെന്നുള്ളത് സ്വാഗതാർഹമാണ്. ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും റിട്ടയർമെന്റ് ബെനിഫിറ്റ് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സുനാമി പുനരധിവാസ പദ്ധതിക്കുവേണ്ടി 1443.75 കോടി രൂപയ്ക്ക് കേന്ദ്രഗവൺമെന്റ് അനുമതി നല്കിയിട്ടും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുക ചെലവഴിക്കാനുള്ള നടപടി സ്വീകരിച്ചത്. മുതലപ്പൊഴി ഫിഷിംഗ് ഹാർബർ 2007 മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. ഈ പദ്ധതിയോടനുബന്ധിച്ച് പെരുമാതുറ ഭാഗത്തുകൂടി ഫിഷ് ലാന്റിംഗ് സെന്ററും ലേല ഹാളും നിർമ്മിക്കുന്നതി നുള്ള നടപടി സ്വീകരിക്കണം. കോവളം മുതൽ കൊല്ലം വരെ തീരദേശപാത കടന്നുപോകുന്നതിന് ഇപ്പോൾ തടസ്സമായി നില്ക്കുന്നത് മുതലപ്പൊഴിയാണ്. പെരുമാതുറയും താഴംപള്ളിയും ചേരുന്ന ഭാഗത്ത് പാലം നിർമ്മിച്ചാൽ നാഷണൽ ഹൈവേയുടെ തിരക്കും അപകടവും ഒഴിവാക്കാനും തിരുവനന്ത പുരത്തുനിന്നും കൊല്ലം വരെ ബോട്ടിൽ യാത്ര ചെയ്യാനും സാധിക്കുമെന്ന തിനാൽ അവിടെ ഒരു പാലം നിർമ്മിക്കുവാനാവശ്യമായ നടപടി സ്വീകരി ക്കണം. വിഴിഞ്ഞം തുറമുഖം സാക്ഷാൽക്കരിക്കപ്പെടുകയാണെങ്കിൽ

പ്രതിവർഷം 1000 കോടി രൂപ സേവ് ചെയ്യാൻ സാധിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കിയെടുക്കുന്നതിന് കക്ഷിഭേദമെന്യേ എല്ലാപേരുടെയും ശ്രമമുണ്ടാകണം.

ശ്രീ. കെ. സുധാകരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയും ഇന്റഗ്രേറ്റഡ് ടെക്സ്റ്റയിൽ പാർക്കും കണ്ണൂരിൽ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഭരണകക്ഷിയും പ്രതിപക്ഷവും സഹകരിച്ചാൽ മാത്രമേ കേരളത്തിൽ വ്യവസായം വരികയുള്ളു; എന്നാൽ ഇവിടെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച നല്ല പദ്ധതികൾ ഈ ഗവൺമെന്റ് അട്ടിമറിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഈ സംസ്ഥാനത്തെ വ്യാവസായിക രംഗത്തുള്ള സ്റ്റാഗ്നേഷന്റെ അടിസ്ഥാന കാരണം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ സമീപനമാണ്. സ്മാർട്ട് സിറ്റി കേരളത്തിൽ വരാൻവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് വിട്ടുവീഴ്ചകൾ ചെയ്തിരുന്നു. പുതിയ വ്യവസായങ്ങൾ വരുന്നതിനുവേണ്ടി മറ്റ് സംസ്ഥാനങ്ങൾ കൊടുക്കുന്ന ആനുകൂല്യത്തിന്റെ പകുതിയെങ്കിലും കൊടുക്കാൻ സന്നദ്ധമായാൽ ഇവിടെയും പുതിയ വ്യവസായങ്ങൾ വരും. കിൻഫ്ര, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രോഫിറ്റ് മോട്ടീവ് ഏജൻസികളാക്കാതെ സർവ്വീസ് ഏജൻസികളാക്കണം. ഈ മൂന്ന് സ്ഥാപനങ്ങളേയും മെർജ് ചെയ്ത് ഒരു ഏജൻസിയാക്കി അതിന്റെ തലപ്പത്ത് കഴിവുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് വ്യവസായ മേഖലയെ രക്ഷപ്പെടുത്തണം. കൊക്കകോളയും പെപ്സികോളയും നിരോധിച്ചെങ്കിലും കോടതിവിധി എതിരായിരുന്നു. സംസ്ഥാനത്തെ വ്യാവസായിക രംഗം അസമാധാന വ്യാവസായിക രംഗമായി

മാറിയിരിക്കുന്നു. കണ്ണൂരിലെ പൂട്ടിക്കിടന്ന തിരുവേപ്പതി മിൽ ഇ.കെ. നായനാർ ഫൗണ്ടേഷനുവേണ്ടി മാർക്സിസ്റ്റ് പാർട്ടി വിലയ്ക്കെടുത്തിരിക്കുകയാണ്. ഇ.കെ. നായനാരോട് കാണിക്കുന്ന ഈ താൽപര്യം ആത്മാർത്ഥതയുള്ളതാണെങ്കിൽ ആ മിൽ തുറന്ന് അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളെ ഏൽപിച്ച് പ്രവർത്തനക്ഷമമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ: തോമസ് ഐസക്)</u>: റംസാൻ പ്രമാണിച്ച് ഈ മാസത്തെ ശമ്പളം 18, 19, 20 തീയതികളിൽ വിതരണം ചെയ്യുന്നതാണ്. സുനാമി ഫണ്ട് വിനിയോഗം സംബന്ധിച്ച് നേരത്തെ ഉണ്ടാക്കിയ സെക്ടറൽ അലോക്കേഷൻ അശാസ്ത്രീയമാണെന്ന വിമർശനം കണക്കിലെടുത്ത് അതിൽ ഭേദഗതികൾ വരുത്തുന്നതിന് സാവകാശം അനുവദിക്കാമെന്ന് ആസൂത്രണ ബോർഡ് സമ്മതിച്ചിട്ടുണ്ട്. അതിന് വേണ്ട നടപടി സ്വീകരിക്കുകയാണ്. കേന്ദ്രം അനുവദിക്കുന്ന ധനസഹായം മറ്റ് സ്കീമുകളുമായി ഇന്റഗ്രേറ്റ് ചെയ്ത് നടപ്പാക്കുന്നതിന് കേന്ദ്ര പ്ളാനിംഗ് കമ്മീഷൻ സമ്മതിച്ചിട്ടുണ്ട്. അതുപോലെതന്നെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്കീമുകൾ കേന്ദ്ര ഗവൺമെന്റ് സ്കീമുകളുമായി ചേർത്തുകൊണ്ട് ഒരു സമഗ്ര തീരദേശ പരിപാലന പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ സമ്മതമാണെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നയപരമായ തീരുമാനം ക്യാബിനറ്റ് എടുത്തിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിന് പ്രത്യേക സ്റ്റിയറിംഗ് കമ്മിറ്റി നിലവിലുണ്ട്. ആ കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ ഇക്കാര്യം തീരുമാനിക്കുന്നതാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് നിലവിൽ താരതമ്യേന ലഘുവായ വിഹിതമാണുള്ളത്. മൽസ്യത്തൊഴിലാളികളുടെ വികസനത്തിനും ക്ഷേമത്തിനുംവേണ്ടി മുടക്കുന്ന പണം ഏത് കാലഘട്ടത്തെക്കാളും കൂടുതലായിരിക്കുമെന്ന് ഉറപ്പുതരികയാണ്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ചർച്ചയിൽ ഉയർന്നുവന്ന വിലപ്പെട്ട നിർദ്ദേശങ്ങൾക്ക് നന്ദി പറയുന്നു. സഖാവ് ഇ.കെ. നായനാർക്ക് സ്മാരകം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇവിടെ ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. പാർട്ടി സ്റ്റേറ്റ് കമ്മിറ്റിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ഇ.കെ. നായനാരുടെ പേരിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിന് കഴിഞ്ഞ ഒരു വർഷത്തിനുമുമ്പ് സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിൽനിന്നും ബക്കറ്റ് പിരിവ് എടുത്ത് 7 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. അദ്ദേഹത്തിന് സ്മാരകം നിർമ്മിക്കുന്ന നടപടി പുരോഗമിച്ചുവരികയാണ്. കേരളത്തിന്റെ വികസന ക്ഷേമ രംഗങ്ങളിലും സമ്പദ്ഘടനയിലും മൽസ്യ മേഖല നിർണ്ണായക പങ്ക് വഹിക്കുകയാണ്. സംസ്ഥാന വരുമാനത്തിന്റെ ഗണ്യമായ തുക ഈ മേഖല സംഭാവന ചെയ്യുമ്പോൾ ഈ മേഖലയെ ആശ്രയിച്ചു കഴിയുന്ന പത്ത് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ ജീവിത സാഹചര്യം ദയനീയമാണ്. ഇൻഡ്യയിലെ കടൽത്തീരത്തിന്റെ പത്ത് ശതമാനം മാത്രം കടൽത്തീരമുള്ള കേരളത്തിലെ മൽസ്യോൽപ്പാദന കയറ്റുമതി ദേശീയ ശരാശരിയുടെ 30 ശതമാനത്തോളം വരും. നാണ്യവിളകൾ ഉൾപ്പെടെയുള്ള കയറ്റുമതിയിൽ 24 ശതമാനം കേരളത്തിന്റെ മൽസ്യ മേഖലയിൽ നിന്നാണ്. കഴിഞ്ഞവർഷം 1258 കോടി രൂപയുടെ വിദേശ നാണ്യമാണ് ഈ വകയിൽ നേടിയെടുക്കാൻ സാധിച്ചത്. ആദിവാസികൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത് മൽസ്യത്തൊഴിലാളികളാണ്. സംസ്ഥാനത്തെ പ്രതിശീർഷ ആളോഹരി വരുമാനം 12109 രൂപയാണെങ്കിൽ ഒരു മൽസ്യ കുടുംബത്തിന്റെ പ്രതിശീർഷ വരുമാനം 6042 രൂപയാണ്. പൊതുധാരയിൽനിന്നുള്ള ഇവരുടെ പിന്നോക്കാവസ്ഥ കണ്ടുകൊണ്ടാണ് ബഡ്ജറ്റിൽ ഈ മേഖലയ്ക്ക് കൂടുതൽ തുക

അനുവദിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെയും വിവിധ ഏജൻസി കളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ 3000 കോടി രൂപയുടെ സംയോജിത തീരദേശ വികസന പരിപാടി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി പ്രോജക്ട് തയ്യാറാ ക്കുന്നതിന് സംസ്ഥാന പ്ളാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തുകയും 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് വരുമ്പോൾ ഇവിടെ പരാമർശിക്കപ്പെട്ട കാര്യങ്ങൾ സ്റ്റിയറിംഗ് കമ്മിറ്റി പരിഗണിക്കുന്നതാണ്. ഈ മേഖലയിലെ സംസ്ഥാന വിഹിതത്തിന്റെ കുറവ് ഒരു പ്രശ്നമായി കാണേണ്ടതില്ലെന്നും ഈ മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായി വരുന്ന പദ്ധതികൾക്ക് മതിയായ തുക അനുവദിക്കുമെന്നും ധനകാര്യ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകിയിട്ടുണ്ട്. ഡീപ് സീ ഫിഷിംഗിന്റെ കാര്യവും മറ്റ് കാര്യങ്ങളും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. 2003 ഫെബ്രുവരി 3-ാം തീയതി കേന്ദ്ര അഗ്രിക്കൾച്ചർ മിനിസ്റ്റർ വിളിച്ചുചേർത്ത സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ച 18 കാര്യങ്ങളിൽ 13-ാമത്തെ തീരുമാനം ജൂൺ 10 മുതൽ ആഗസ്റ്റ് 15 വരെ വെസ്റ്റ് കോസ്റ്റ് സംസ്ഥാനങ്ങളിൽ ഫിഷിംഗ് ബാൻ ഏർപ്പെടുത്തണ മെന്നതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സുപ്രീം കോടതി 60 ദിവസത്തെ യൂണിഫൈഡ് ട്രോളിംഗ് ബാൻ എന്ന നിലപാട് സ്വീകരിച്ചത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ആ വിധിയുണ്ടായത്. ആ വിധിക്കെതിരെ ഒരു നടപടിയും അന്ന് സ്വീകരിക്കുകയുണ്ടായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് മോഡിഫിക്കേഷൻ ആന്റ് ക്ളാരിഫിക്കേഷൻ സ്റ്റേറ്റുമെന്റ് കൊടുക്കുകയും കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് സംസാരിക്കുകയും ചെയ്തത്. ടെക്നിക്കൽ കമ്മിറ്റി ചർച്ച

ചെയ്തതിനുശേഷം ഫൈനൽ ജഡ്ജ്മെന്റ് വരുന്ന അവസരത്തിൽ ഇത് സംബന്ധിച്ച് പരിശോധിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. ഒരു ഏകീകൃത ഫിഷറീസ് നിയമം സംസ്ഥാനത്ത് കൊണ്ടുവരുന്നതാണ്. മൽസ്യം വിൽക്കുന്നവർക്ക് ഇപ്പോൾ ക്ഷേമനിധിയിൽ അംഗത്വമുണ്ടെങ്കിലും മൽസ്യം പിടിക്കുന്നവർക്കുള്ളത്ര ആനുകൂല്യം ഇവർക്കില്ല. ആ പരിമിതി നീക്കം ചെയ്യുന്നതിന് നിയമത്തിൽ ഭേദഗതി കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഉൾനാടൻ മൽസ്യമേഖലയെ 11-ാം പഞ്ചവൽസര പദ്ധതിയിൽ പ്രത്യേകം ശ്രദ്ധിക്കുന്നത് സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് തലത്തിലും പ്ളാനിംഗ് ബോർഡ് തലത്തിലും പ്രാഥമിക ഡിസ്ക്കഷൻ നടന്ന സാഹചര്യത്തിൽ ഈ പ്രശ്നത്തിന് മുന്തിയ പരിഗണന നൽകും. വെള്ളമുള്ള സ്ഥലങ്ങളിൽ മൽസ്യോൽപ്പാദനം നടത്തുക എന്ന പൊതുധാരണയിൽ എത്തിയിട്ടുണ്ട്. അതനുസരിച്ചുള്ള തീരുമാനങ്ങൾ എടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആദിവാസികൾ കഴിഞ്ഞാൽ പിന്നോക്കാവസ്ഥ യിലുള്ള മൽസ്യത്തൊഴിലാളി സമൂഹത്തിന്റെ വികസന ക്ഷേമപ്രവർത്തന ങ്ങൾ ചർച്ച ചെയ്യുന്നതിനും തൽസമയം ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പി ക്കുന്നതിനും ഒരു പ്രത്യേക നിയമസഭാ സമിതിക്ക് രൂപം നൽകണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് അപേക്ഷിക്കുന്നു.

<u>മി. സ്പീക്കർ</u> : അത് പരിശോധിക്കും.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> മൽസ്യ മേഖലയിലെ പ്രശ്നങ്ങൾ അപഗ്രഥിച്ച് വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ഉപദേശിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായി ഫിഷറീസ് അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ

സംഘടനകൾ, ചാരിറ്റബിൾ സംഘടനകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനത്തോടുകൂടി പണം കണ്ടെത്തി മൽസ്യ മേഖലയിൽ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിക്ക് തുടക്കം കുറിക്കുന്നതാണ്. മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് മൽസ്യവിൽപ്പനയ്ക്കായി പലിശരഹിത വായ്പയായി 40,000 രൂപ നൽകുന്നതാണ്. അലങ്കാര മൽസ്യകൃഷി മേഖലയിലെ കയറ്റുമതി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നെടുമ്പാശ്ശേരിയിലെ കടുങ്ങല്ലൂരിൽ ഒരു അക്വാ ടെക്നോളജി പാർക്ക് ആരംഭിക്കുന്നതിനായി ഒരു പബ്ളിക് ലിമിറ്റഡ് കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൽസ്യബന്ധന വകുപ്പും വനം വകുപ്പും സഹകരിച്ച് തീരവനം പരിപാടിയിലൂടെ 500 ഹെക്ടർ തീരപ്രദേശങ്ങളിൽ വനവൽക്കരണം നടത്തുന്നതാണ്. ഔട്ട്ബോർഡ് മോട്ടോർ ഘടിപ്പിച്ച വള്ളങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മൽസ്യഫെഡ് വഴി ഗ്യാസ് കിറ്റുകൾ നൽകുന്നതാണ്. ഗുണമേന്മയുള്ള ചെമ്മീൻ വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി വർക്കലയിൽ ഓടയത്ത് 15 ദശലക്ഷം പി.എൽ. (പോസ്റ്റ് ലാർവ) സ്ഥാപിതശേഷിയുള്ള ചെമ്മീൻ ഹാച്ചറി നവംബർ മാസം മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. പ്രസിഡന്റ്സ് മിഷൻ മധ്യമേഖലാ പദ്ധതികൾക്ക് 7 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചതിൽനിന്ന് നാല് കോടി രൂപ ഉപയോഗിച്ച് യാനങ്ങൾ പുനർനിർമ്മിച്ച് അനുയോജ്യമായ ഉപകരണങ്ങൾ ഘടിപ്പിച്ച് ആഴക്കടൽ മൽസ്യബന്ധനം ശക്തിപ്പെടുത്തുന്നതാണ്. ഇതിനായി ടി.ആർ.പി.-യിൽനിന്ന് മതിയായ തുകകൂടി ഉൾക്കൊള്ളിച്ച് അടുത്ത മാസം മുതൽ ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൃശൂർ കോൾ നിലങ്ങളിൽ

മൽസ്യം വളർത്തുന്നതിനുവേണ്ടി ഒരു കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. 200 മൽസ്യഭവനുകൾ ആരംഭിക്കുന്നതിൽ 100 മൽസ്യഭവനുകളുടെ പ്രവർത്തനങ്ങളിൽ ജീവനക്കാരെ പുനർവിന്യസിച്ച് ഈ സാമ്പത്തികവർഷംതന്നെ വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട മത്സ്യഭവനുകളോടനുബന്ധിച്ച് ഉപഗ്രഹാധിഷ്ഠിത സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഐ.എസ്.ആർ.ഒ.യുടെ സഹായത്തോടുകൂടി മൽസ്യവിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. മൽസ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനും സഞ്ചാരപഥം മനസ്സിലാക്കുന്നതിനുമായി കടൽ സുരക്ഷാ നിയമം കാര്യക്ഷമമാക്കുന്നതാണ്. മൽസ്യബന്ധനോപകരണങ്ങളുടെ റിപ്പയറിംഗ്, റീപ്ളേസ്മെന്റ്, ചെറുകിട തൊഴിൽ സംരംഭങ്ങൾ, കൃത്രിമ പാരുകൾ സ്ഥാപിക്കൽ, കക്ക, ചിപ്പി സെപ്പറേഷൻ പ്ളാന്റ്, അച്ചാർ നിർമ്മാണം തുടങ്ങിയവയ്ക്കായി 11.38 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതാണ്. ഉണക്ക മൽസ്യ യൂണിറ്റ്, ചിപ്പി, കക്ക, അലങ്കാര മൽസ്യകൃഷി യൂണിറ്റുകൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ, പച്ച മൽസ്യവിപണനം എന്നിവയ്ക്കായി 250 വാഹനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സീഫുഡ് കിച്ചൻ, കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ, ഫിഷ് കിയോസ്ക്ക് എന്നീ പദ്ധതികളിലൂടെ മൽസ്യത്തൊഴിലാളികളുടെ ജീവിത മാർഗ്ഗങ്ങൾ പുന:സ്ഥാപിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വനം, ജലസേചനം, വൈദ്യുതി എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് 10 ജല സംഭരണികളിൽ പുതുതായി മൽസ്യകൃഷി വ്യാപിപ്പിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ നബാർഡിന്റെ സഹായത്തോടുകൂടി നൈലോൺ നെറ്റ് ഫാക്ടറി ഈ

സാമ്പത്തികവർഷം ആരംഭിക്കുന്നതാണ്. ത്രിതല പഞ്ചായത്തുകളുടെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട 25 മൽസ്യ മാർക്കറ്റുകളെ മാതൃകാ മാർക്കറ്റുകളാക്കി പുതുക്കിപ്പണിയുന്നതാണ്. മൽസ്യബന്ധന ബോട്ടുകൾക്കും ഐ.ബി.എം. ഘടിപ്പിച്ച വള്ളങ്ങൾക്കും രജിസ്ട്രേഷനും ലൈസൻസിംഗും ഏർപ്പെടുത്തുന്നതാണ്. മൽസ്യ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അടുത്ത പത്ത് വർഷക്കാലത്തേയ്ക്ക് ഈ മേഖലയിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ മാസ്റ്റർ പ്ളാൻ അടിസ്ഥാനമാക്കി 11–ാം പഞ്ചവൽസര പദ്ധതിയിൽ ഫിഷറീസ് മേഖലയുടെ വികസനങ്ങൾ കണക്കാക്കുന്നതാണ് എം.പി.ഇ.ഡി.എ.–യുടെ സഹായത്തോടുകൂടി ആഴക്കടൽ മൽസ്യബന്ധനം, ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം, പീലിംഗ് ഷെഡ്ഡുകളുടെ നിർമ്മാണവും ആധുനികവൽക്കരണവും ചെമ്മീൻ കൃഷി വികസനം എന്നിവയ്ക്കായി പദ്ധതികൾ തയ്യാറാക്കുന്നതാണ്. ശക്തികുളങ്ങരയിൽ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ പ്രീ–പ്രോസസ്സിംഗ് പ്ളാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നവംബർ മാസത്തിൽ തുടക്കം കുറിക്കുന്നതാണ്. അപകടങ്ങൾ തരണം ചെയ്യുന്നതിനുവേണ്ടി മൽസ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകളും ലൈഫ് ബോട്ടുകളും വിതരണം ചെയ്യുന്നതാണ്. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തോടൊപ്പം സിലബസ് പരിഷ്ക്കരണത്തെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ടെലി എഡ്യൂക്കേഷൻ സാധ്യത പ്രയോജനപ്പെടുത്തുന്ന തിനുള്ള പദ്ധതിക്ക് രൂപം നൽകുന്നതാണ്. മൽസ്യബന്ധന യാനങ്ങളിൽ ജി.പി.എസ്. സംവിധാനവും വയർലെസ് സെറ്റും ഏർപ്പെടുത്തുന്നതിനുള്ള

നടപടികൾ സ്വീകരിക്കും. തൽപ്പരരായ മൽസ്യത്തൊഴിലാളി ചെറുപ്പക്കാർക്ക് കോസ്റ്റ് ഗാർഡിന്റെ സഹായത്തോടുകൂടി വിദഗ്ദ്ധ പരിശീലനം നൽകി ഫിഷറീസ് സ്റ്റേഷനുകളോടനുബന്ധിച്ച് കടൽ സുരക്ഷാ സ്ക്വാഡുകൾക്ക് രൂപം നൽകുന്നതാണ്. മൽസ്യത്തൊഴിലാളികൾക്ക് സ്മാർട്ട് കാർഡ് വിതരണം ചെയ്യുന്നതാണ്. പ്രകൃതിദുരന്തങ്ങളിൽനിന്ന് മൽസ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ഇൻഷ്വറൻസ് കമ്പനികളുടെ സഹായത്തോടുകൂടി ഇൻഷ്വറൻസ് പാക്കേജ് നടപ്പാക്കുന്നതാണ്. പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും വരുമാനമാർഗ്ഗങ്ങൾ ആരായുന്നതിനും വിദഗ്ദ്ധപരിശീലനവും തൊഴിൽ വായ്പയും നൽകുന്നതിനുമായി സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനുമായി ബൂത്തുകളും മൽസ്യബന്ധന തുറമുഖങ്ങളിലും ഫിഷ് ലാൻഡിംഗ് സെന്ററുകളിലും ചില്ലിംഗ് സ്റ്റോറേജുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. സെസ്സ് ആക്ട് അടുത്ത സമ്മേളനത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള നടപടികളും സ്വീകരിക്കും. എം.എൽ.എ. ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ബന്ധപ്പെട്ട ജനപ്രതിനിധികളും തൊഴിലാളി സംഘടനാ പ്രതിനിധികളുമടങ്ങുന്ന പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനം ടൈംബൗണ്ടായി പൂർത്തീകരിക്കുന്നതാണ്. കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം കേരളപ്പിറവിയുടെ 50–ാം വാർഷികത്തിന്റെ ഭാഗമായി ആരംഭിക്കുന്നതാണ്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് തലശ്ശേരി, കാസർകോട്, ചേറ്റുവ, ചെറുവത്തൂർ എന്നീ ഫിഷിംഗ് ഹാർബറുകളുടെ

നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്. തലശ്ശേരി, വെള്ളയിൽ, മഞ്ചേശ്വരം, താനൂർ, പരപ്പനങ്ങാടി, അർത്തുങ്കൽ എന്നീ സ്ഥലങ്ങളിൽ ഹാർബർ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം പൂർത്തീകരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഗവണ്മെന്റിന് സമർപ്പിക്കുന്നതാണ്. വലിയതുറ മിനി ഫിഷിംഗ് ഹാർബറിന്റെ സാധ്യതാ പഠന റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനുകൂല നിലപാട് സ്വീകരിക്കുന്നതാണ്. നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ നവീകരണത്തിനായി 8.95 കോടി രൂപയുടെ പദ്ധതിക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബേപ്പൂർ ഫിഷിംഗ് ഹാർബർ ഒരു ഇന്റർനാഷണൽ ഹൈജീനിക് ഹാർബറാക്കി മാറ്റുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നവംബർ ആദ്യവാരത്തോടുകൂടി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതാണ്. പൊന്നാനി, തോട്ടപ്പള്ളി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. എം.പി.ഇ.ഡി.എ.-യുടെ സഹായത്തോടുകൂടി യൂറോപ്യൻ യൂണിയൻ നിലവാരത്തിൽ ഒരു പീലിംഗ് ഷെഡ് ആരംഭിക്കുന്നതിനുള്ള നടപടിക്ക് തുടക്കം കുറിക്കുന്നതാണ്. തീരദേശ പശ്ചാത്തല വികസന സൗകര്യം ഒരുക്കുന്നതിനുവേണ്ടി റോഡ്, കുടിവെള്ളം തുടങ്ങിയ നിരവധി പദ്ധതികൾക്ക് അംഗീകാരം കൊടുത്ത് നവംബറിൽത്തന്നെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതാണ്. വലിയതുറയിൽ കടലാക്രമണ ഭീഷണിക്കിരയായ 15 വീട്ടുകാർക്ക് പുതിയതായി സ്ഥലം ഏറ്റെടുത്ത് വീടുകൾ നിർമ്മിച്ചുകൊടുക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്നതാണ്. മുതലപ്പൊഴി ഫിഷിംഗ് ഹാർബർ കമ്മിഷൻ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. മുതലപ്പൊഴി–പെരുമാതുറ പാലത്തിന്റെ പണി ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

സ്ക്കീമിൽപ്പെടുത്തി അംഗീകാരം നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. കേരളത്തിലെ എല്ലാ ഫിഷ് മാർക്കറ്റുകളും ഘട്ടംഘട്ടമായി ആധുനികവൽക്കരിക്കുന്നതാണ്. തൊഴിലുപകരണങ്ങൾക്ക് നാശം സംഭവിച്ചാൽ നഷ്ടപരിഹാരം കൊടുക്കുന്നതിനായി സമഗ്രമായൊരു ഇൻഷ്വറൻസ് പാക്കേജ് നടപ്പാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 801 കയർ സഹകരണ സംഘങ്ങളിൽ 170 എണ്ണവും ലിക്വിഡേഷനെ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ കയർത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനായി ആവിഷ്ക്കരിക്കുന്ന പദ്ധതികൾ ഫലപ്രദമായി അവർക്ക് എത്തിക്കുക എന്നതാണ് ഗവണ്മെന്റിന്റെ സമീപനം. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതാണ്. ക്ഷേമനിധി ആനുകൂല്യങ്ങൾ 120 ശതമാനം വരെ വർദ്ധിപ്പിച്ച് നവംബർ 1 മുതൽ നടപ്പിൽ വരുത്തുന്നതാണ്. വൻകിടക്കാരിൽനിന്ന് കുടിശ്ശിക അംശദായം ഈടാക്കുന്നതിന് സെസ്സ് ആക്ടിൽ ഭേദഗതി വരുത്തുന്നതാണ്. കുടപ്പനക്കുന്ന് ഗവേഷണകേന്ദ്രത്തിന്റെ പണി പൂർത്തിയാക്കുന്നതാണ്. പെരുമൺ ഗവേഷണ കേന്ദ്രത്തിന്റെ ഭരണസമിതി പുനഃസംഘടിപ്പിക്കുന്നതാണ്. കേരളാ കയർ ബോർഡും കയർ വികസന കൗൺസിലും രൂപീകരിക്കുന്ന കാര്യം ഗവണ്മെന്റ് പരിഗണിക്കുന്നതാണ്. ഡിസ്ട്രസ് പർച്ചേസ് വഴിയും കയർത്തൊഴിലാളി പെൻഷൻ വഴിയും 16 കോടി രൂപ ഈ

ഗവണ്മെന്റ് വിതരണം ചെയ്തു കഴിഞ്ഞു. 'Kerala Coir, The Golden yarn of God's own Country' എന്ന ഒരു കയർ ബ്രാൻഡ് കൊണ്ടുവരാൻ നടപടി സ്വീകരിക്കുന്നതാണ്. സഹകരണ സംഘങ്ങൾക്ക് ഗ്രാന്റായി 16 കോടി രൂപ ഡിസംബർ 31-നകം വിതരണം ചെയ്യുന്നതോടൊപ്പം സെൻട്രലി സ്പോൺസേർഡ് സ്കീം പ്രകാരമുള്ള വിഹിതവും സ്റ്റേറ്റ് ഗവണ്മെന്റ് വിഹിതവും ചേർത്ത് 31 കോടി രൂപ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്. കയർഫെഡ്, ഫോം മാറ്റിംഗ്സ്, കയർ കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ആധുനിക വൽക്കരിക്കാനും പ്രൊഫഷണലൈസ് ചെയ്യാനും നടപടി സ്വീകരിക്കുന്ന താണ്. ഡിസ്ട്രസ് പർച്ചേസ് സ്ക്കീമിലൂടെ എടുത്ത കയറിന് നൽകിയ വിലയ്ക്കൊപ്പമോ കൂടുതലോ കിട്ടിയാൽ അത് റിവോൾവിംഗ് ഫണ്ട് സ്കീമായി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കയർത്തൊഴിലാളി പെൻഷൻ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതാണ്. ഡിസ്ട്രസ് പർച്ചേസുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേട് കാട്ടിയ കാർത്തികപ്പള്ളി താലൂക്കിലെയും കണ്ണൂരിലെയും രണ്ട് പ്രോജക്ട് ഓഫീസർമാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. കയർ മേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന ഉൽപ്പാദകർക്ക് വൻകിട-ചെറുകിട വ്യത്യാസമില്ലാതെ സമ്മതപത്രങ്ങളും പ്രോൽസാഹന സമ്മാനങ്ങളും ക്യാഷ് അവാർഡും നൽകുന്നതിന് 25 കോടി രൂപ മാറ്റി വയ്ക്കുന്നതാണ്. ജിയോ ടെക്സ്റ്റയിൽസിനെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. നിർത്തലാക്കിയ റിബേറ്റ്, എം.ഇ.പി., എം.എഫ്.പി. എന്നിവ പുന:സ്ഥാപിക്കാൻ കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുന്ന

താണ്. എണ്ണൂറിൽപ്പരം വരുന്ന സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റ് കൊടുത്ത വായ്പകൾ ഷെയറാക്കി മാറ്റാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റേയും എൻ.സി.ഡി.സി.യുടേയും നബാർഡിന്റേയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടേയുമായി ഏതാണ്ട് 90 കോടിയോളം രൂപ ഷെയറാക്കി മാറ്റാൻ കഴിയും. സംസ്ഥാന ഗവൺമെന്റ് നൽകിയിരിക്കുന്ന ലോണും പലിശയും അടക്കം 40 കോടി രൂപ ഷെയറാക്കി മാറ്റുകയാണ്. കയർ സൊസൈറ്റികളുടെ കടബാദ്ധ്യത പൂർണ്ണമായും എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കും. കയർഫെഡിലെ യൂണിയനുകൾ സമർപ്പിച്ച ആക്ഷേപങ്ങളെപ്പറ്റി അന്വേഷിക്കുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ കയർ വ്യവസായ രംഗത്തേയ്ക്ക് വരാൻ താല്പര്യമുള്ളവർക്ക് അവസരമുണ്ടാക്കിക്കൊടുക്കാനും ഡീ-ഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കാൻ 5 കോടി രൂപ ഗ്രാന്റ് നൽകാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ സൊസൈറ്റികൾ രൂപീകരിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി പറയുകയാണ്. ഒരു സാഹചര്യത്തിലും സ്വകാര്യ കമ്പനികൾക്ക് കേരള തീരത്ത് കരിമണൽ ഖനനത്തിന് അനുമതി നൽകേണ്ടതില്ലെന്നാണ് ഈ സർക്കാരിന്റെ ഖണ്ഡിതമായ നിലപാട്. കഴിഞ്ഞ ഗവൺമെന്റ് പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് പ്രകാരം സ്വകാര്യ വ്യക്തികൾക്കോ ജോയിന്റ് വെഞ്ചർ എന്ന പേരിലോ ഖനനം നടത്താൻ സൗകര്യമുണ്ടാക്കുന്ന ഒരു തീരുമാനവും നിലവിലുണ്ടാവില്ല. മാത്രമല്ല, ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഖനനാനുമതി നൽകരുതെന്ന്

കാണിച്ചുകൊണ്ട് 28–7–06–ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. 2002–ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഖനന നയം അനുസരിച്ച് ജോയിന്റ് വെഞ്ചർ സ്ഥാപനങ്ങൾക്കും കരിമണൽ ഖനനാനുമതി നൽകാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കെ.ആർ.ഇ.എം.എൽ.–ന് 30 വർഷത്തെ ലീസിൽ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പ്രദേശത്ത് ഖനനം നടത്താൻ സർക്കാർ അനുമതി കൊടുത്തിരുന്നു. നാട്ടുകാരുടെ പ്രക്ഷോഭത്തെത്തുടർന്ന് അനുമതി അടുത്തയാഴ്ചതന്നെ റദ്ദാക്കി. ഇതു സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച ശ്രീ.ജോൺ മാത്യു അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ ഒഴികെ മറ്റുള്ള പ്രദേശങ്ങളിൽ സംസ്ഥാനത്ത് നിലവിലുള്ള വ്യവസായങ്ങൾക്ക് മൈനിംഗ് നടത്താൻ അനുമതി നൽകാൻ 2005 ഡിസംബർ മാസത്തിൽ കേരള സർക്കാർ ഉത്തരവിട്ടു. അതിന്റെ അടിസ്ഥാനത്തിൽ 22–1–2006–ന് കെ.ആർ.ഇ.എം.എൽ–ന് ലൈസൻസ് നൽകാൻ ശുപാർശ ചെയ്തുകൊണ്ട് കേന്ദ്രഗവൺമെന്റിലേയ്ക്ക് കത്തയയ്ക്കുകയും കേന്ദ്രഗവൺമെന്റ് ക്ലാരിഫിക്കേഷൻ ചോദിച്ചതിന് മറുപടിയായി 7–4–06–ന് കേരള സർക്കാർ വീണ്ടും കത്തയയ്ക്കുകയും ചെയ്തു. കേന്ദ്ര ഗവണ്മെന്റിന്റെ പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ. 1992–ൽ മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിന് മൈനിംഗ് ലീസിന് അപേക്ഷ കൊടുത്തെങ്കിലും ഇത് സർക്കാരിലേയ്ക്ക് റെഫർ ചെയ്തത് വളരെ വൈകിയാണ്. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് അപേക്ഷ നിരസിച്ചപ്പോൾ അവർ അപ്പലേറ്റ് അതോറിറ്റിക്ക് അപേക്ഷ കൊടുത്തു. അപ്പലേറ്റ് അതോറിറ്റി അപ്പീൽ വിശദമായി പരിശോധിച്ചശേഷം മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിന്റെ തീരുമാനം ശരിവച്ചുകൊണ്ട് അപേക്ഷ

നിരസിക്കാൻ തീരുമാനിച്ച് ഡ്രാഫ്റ്റ് തയ്യാറാക്കി 3–5–2006–ൽ ബഹുമാനപ്പെട്ട മന്ത്രി ഒപ്പുവച്ചെങ്കിലും ആ ഓർഡർ പുറത്തുവരുന്നത് 25–5–2006–നാണ്. അതാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം ഓർഡർ വന്നുവെന്ന് പറയുന്നത്. ഐ.ആർ.ഇ. അപേക്ഷിച്ച സ്ഥലം കെ.ആർ.ഇ.എം.എൽ.–ന് നേരത്തേ തന്നെ റെക്കമെന്റ് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ ഒന്നാണ്. ഈ ഓർഡർ വച്ചുകൊണ്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വകാര്യ കമ്പനികൾക്ക് അനുമതി കൊടുത്തുവെന്ന് വിശദീകരണം വന്നത്. ഇതു സംബന്ധിച്ച് പത്രവാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ കെ.ആർ.ഇ. എം.എൽ–ന് ലൈസൻസ് നൽകാൻ റെക്കമെന്റ് ചെയ്തുകൊണ്ടുള്ള കേരള സർക്കാരിന്റെ കത്തിന്മേൽ നടപടി തൽക്കാലം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് 28–7–2006–ന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്തെഴുതി. അതിനുശേഷം ഫയൽ വിശദമായി പഠിക്കുകയും സ്വകാര്യ വ്യക്തികൾക്കോ ജോയിന്റ് വെഞ്ചറിന്റെ പേരിലോ ഖനനത്തിന് അനുവാദം കൊടുക്കുക യില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. അതുകൊണ്ട് ഇതുസംബന്ധിച്ച എല്ലാ മുൻ ഉത്തരവുകളും റദ്ദ് ചെയ്യുമെന്ന് സർക്കാർ ഈ സഭയ്ക്ക് ഉറപ്പുതരുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ നിലപാട് സ്വകാര്യ കമ്പനികൾക്കും മൈനിംഗ് ലീസിന് നൽകാമെന്നാണ്. പരമ്പരാഗത മേഖലയെ സംരക്ഷിക്കുക, പൊതുമേഖലയെ പൊതുമേഖലയിൽത്തന്നെ സംരക്ഷിക്കുക, ചെറുകിട വ്യവസായങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുക, കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി വളർത്തുക എന്നിവയാണ് സർക്കാർ ഉദ്ദേശി ക്കുന്നത്. വ്യവസായ വകുപ്പിനെ പ്രൊമോഷണൽ ഏജൻസിയായി മാറ്റാനുള്ള എല്ലാ ശ്രമവും നടത്തുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്ര ങ്ങളുടെ പ്രവർത്തനം വ്യവസായ സംരംഭകരെ സഹായിക്കുന്ന രീതി

യിലാക്കും. സംരംഭകർ വ്യവസായ വകുപ്പിന്റെ ഓഫീസുകൾ നിരന്തരമായി കയറി ഇറങ്ങുന്നതിനു പകരം പ്രൊമോഷണൽ ഏജൻസി അവരെ അങ്ങോട്ട് സഹായിക്കും. നിക്ഷേപകർക്ക് ഒരു സുരക്ഷിതത്വ ബോധം ഉണ്ടാക്കും. തൊഴിൽ നിയമങ്ങളിൽ ഒരു ഇളവും വരുത്താതെ ആ മേഖലയിലെ അനാശാസ്യ പ്രവണതകൾ അവസാനിപ്പിക്കാൻ ട്രേഡ് യൂണിയനുകളുമായി പൂർണ്ണമായി സഹകരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കും. സംസ്ഥാനത്ത് ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് കൊണ്ടുവരുമെന്ന് തൊഴിൽ വകുപ്പ് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിലെ നടപടിക്രമങ്ങൾ സങ്കീർണ്ണമായതിനാൽ അത് ലഘൂകരിക്കാൻ ശക്തമായ നടപടി സ്വീകരിക്കും. നോക്കുകൂലി, അനാവശ്യമായ പിടിച്ചുപറി തുടങ്ങിയ സമ്പ്രദായങ്ങൾ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് ഇല്ലായ്മ ചെയ്യുവാനുള്ള യോജിച്ച നടപടി സ്വീകരിക്കും. സംസ്ഥാനത്ത് നിലവിലുള്ള ചട്ടങ്ങൾ ലഘൂകരിക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നതാണ്. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന്റെ ലക്ഷ്യം എന്തായിരിക്കണെമെന്നതിനെക്കുറിച്ച് പഠനം നടത്താൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഭക്ഷ്യ-സംസ്ക്കരണ മേഖല, ഗാർമെന്റ്സ്, ഇലക്ട്രോണിക്സ്, ഐ.ടി., ബയോടെക്നോളജി ഉൾപ്പെടെയുള്ള മേഖലകളിൽ വലിയ വളർച്ചാ സാധ്യതകളുണ്ട്. കരിമണൽ ഉൾപ്പെടെയുള്ള ധാതു സമ്പത്തുണ്ട്. മൂല്യ വർദ്ധിത വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന വ്യവസായങ്ങൾക്കു മാത്രം കേരളത്തിൽ അനുമതി നൽകിയാൽ മതി എന്നാണ് സർക്കാരിന്റെ നയം. കരിമണൽ സമ്പത്ത് കടത്തിക്കൊണ്ടു

പോകുന്നത് തടയാൻ കർശനമായ നടപടി സ്വീകരിക്കും. സംസ്ഥാന സർക്കാരിന്റെ വ്യവസായ നയം വരുന്ന ഡിസംബർ മാസത്തിൽ പ്രഖ്യാപി ക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ ഒരു വർഷം കൊണ്ട് 10,000 കോടി രൂപയുടെ വ്യവസായ നിക്ഷേപം പൊതുമേഖലയിലും സ്വകാര്യ മേഖല യിലുമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി കൊണ്ടുവരണ മെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതുവഴി ഒരു ലക്ഷം പുതിയ തൊഴില വസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ നാല് മാസങ്ങൾക്കുള്ളിൽ വൈദ്യുതിയുടെ വ്യവസായ ഉപഭോഗത്തിൽ അഞ്ച് ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വ്യവസായ നിക്ഷേപത്തിന് സർക്കാർ പ്രധാനമായും കേരളത്തിന് വെളിയിലുള്ള കേരളീയരെയാണ് പ്രതീക്ഷിക്കുന്നത്. ബാംഗ്ളൂരിലും കണ്ണൂരിലും ഇൻവെസ്റ്റേഴ്സ് മീറ്റ് സർക്കാർ സംഘടിപ്പിച്ചപ്പോൾ വളരെ നല്ല പ്രതികരണമാണ് ഉണ്ടായത്. കണ്ണൂരിലെ ഇൻവെസ്റ്റേഴ്സ് മീറ്റിൽ 1240 കോടി രൂപയുടെ വ്യവസായ നിക്ഷേപത്തിന് എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. വലിയവെളിച്ചം വ്യവസായ വികസന കേന്ദ്രം വികസിപ്പിക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും കെ.എസ്.ഐ.ഡി.സി. ആവശ്യമായ പണം മുടക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ പ്രൊമോഷൻ ഏജൻസിയെന്ന നിലയിൽ കെ.എസ്.ഐ.ഡി.സി ഫലപ്രദമായി പ്രവർത്തി ക്കാനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം, ചേർത്തല ഗ്രോത്ത് സെന്ററുകളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ നിക്ഷേപം നടത്താനുള്ള എല്ലാ തയ്യാറെടുപ്പും നടത്തിക്കൊണ്ടിരിക്കുകയാണ്. നവംബർ 18-ന് കാസർഗോഡും നവംബർ 25-ന് മലപ്പുറത്തും ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. പുതിയ പ്രോജക്ടുകൾ തയ്യാറാക്കി വ്യവസായ സംരംഭകരെ കണ്ടെത്താനുള്ള ശ്രമം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കിൻഫ്രയുടെ പ്രവർത്തനം ഫലപ്രദമായി നടത്താനുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. കഞ്ചിക്കോട്ട് 350 ഏക്കർ സ്ഥലത്ത് ഒരു Integrated Textile Park സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. മൂന്ന് സംരംഭകർ യൂണിറ്റുകൾ തുടങ്ങാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. നവംബർ 3-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രോജക്ടിന് തറക്കല്ലിടും. വയനാട് ഒരു Mega Food Park സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ഇൻവെസ്റ്റേഴ്സിന്റെ ഒരു യോഗം കോഴിക്കോട്ട് ചേർന്നു. നിക്ഷേപകർ ധാരാളം വരാൻ താൽപ്പര്യം പ്രകടിപ്പിച്ചു. കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി ഡിസംബർ മാസം ഈ പദ്ധതിക്ക് തറക്കല്ലിടും. പതിനൊന്നാം പദ്ധതിയിലുൾപ്പെടുത്തി ഇതിനാവശ്യമായ അംഗീകാരം നൽകാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. ഈ വർഷം തന്നെ പദ്ധതി ആരംഭിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. Organic Wayanad എന്നതാണ് ഈ പദ്ധതിയുടെ theme. വയനാട്ടിലെ ഉൽപ്പന്നങ്ങൾ ഒരു ബ്രാൻഡായി അവതരിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. Tea-Wayanad, Coffee-Wayanad എന്ന വിധത്തിൽ വയനാട്ടിലെ കാർഷിക തകർച്ചയ്ക്കുകൂടി പരിഹാരമുണ്ടാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വയനാടിനെ Agricultural Export Zone ആയി നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. കളമശ്ശേരിയിൽ കിൻഫ്രയുടെ പാർക്കിൽ ജർമ്മൻ ജൂവലറി പാർക്ക് സ്ഥാപിക്കുന്നതിന് അഞ്ച് അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ഒരാളെ അതിൽ നിന്നും സെലക്ട് ചെയ്യും. ഈ വർഷം തന്നെ പദ്ധതി

launch ചെയ്യുന്നതാണ്. കണ്ണൂരിലെ തളിപ്പറമ്പ് മണ്ഡലത്തിലെ നാടുകാണിയിൽ 126 ഏക്കർ സ്ഥലത്ത് അഞ്ച് സോണുകളിലായി ഒരു ടെക്സ്റ്റൈൽ സെന്റർ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഞ്ച് നിക്ഷേപകർ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതി ഈ വർഷം തന്നെ launch ചെയ്യാൻ ശ്രമിക്കും. എറണാകുളത്ത് കിൻഫ്രയുടെ കൈവശമുള്ള 240 ഏക്കർ സ്ഥലം ഹൈടെക്ക് സിറ്റിയായി ഡെവലപ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇലക്ട്രോണിക് സോൺ, ബയോ–ടെക്നോളജി സോൺ, എക്സിബിഷൻ–കം–ട്രേഡ് സെന്റർ, അക്കാഡമിക് സോൺ, കൊമേഴ്സ്യൽ സോൺ, റെസിഡൻഷ്യൽ ആന്റ് റിക്രിയേഷൻ സോൺ എന്നീ നിലകളിൽ ആ പാർക്ക് വികസിപ്പിച്ചെടുക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പാർക്കിൽ സ്ഥാപനം ആരംഭിക്കുന്നതിന് കേരളത്തിൽ തന്നെയുള്ള നെസ്റ്റ് ഗ്രൂപ്പിനെപ്പോലെയുള്ള നിക്ഷേപകർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കിടങ്ങൂരിലെ വ്യവസായ പാർക്കിൽ അടിയന്തിരമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളുന്നുണ്ട്. പ്രവാസികളായ കേരളീയരുടെ നിക്ഷേപത്തിന് വലിയ സാധ്യതകൾ ഉണ്ട്. കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 50 നിക്ഷേപകർക്ക് അവരുടെ നിലവിലുള്ള സംരംഭം വികസിപ്പിക്കുന്നതിനോ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനോ സഹായിക്കും. ഇതിനു പുറമെ ചെറുകിട വ്യവസായ മേഖലയിൽ ഇൻഡസ്ട്രീസ് ഡയറക്ടറേറ്റിന്റെ കീഴിൽ 50 പുതിയ പ്രോജക്ടുകൾ ഈ സുവർണ്ണ ജൂബിലി കാലത്ത് ആരംഭിക്കും. ഒരു വർഷത്തിനുള്ളിൽ 65 ഏക്കർ സ്ഥലത്ത് Adoor Food Park–ന്റെ പ്രവർത്തനം ആരംഭിക്കും. കോന്നിയിൽ Food Technology Institute

സ്ഥാപിക്കാൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. Infrastructure Development Company രൂപീകരിക്കും. കിൻഫ്രയുടെ കൈവശമുള്ള തൃശ്ശൂരിലെ 40 ഏക്കർ സ്ഥലത്ത് ഒരു നോളജ് പാർക്ക് വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ചർച്ചകൾ നടക്കുകയാണ്. കിൻഫ്രയുടെ കൈവശമുള്ള പുതുവൈപ്പിനിലെ സ്ഥലം അതിവേഗം വികസിപ്പിക്കാനുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. കണ്ണൂരിൽ 'നിഫ്റ്റ്' സ്ഥാപിക്കാൻ ഒരു കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചു. അതിനാവശ്യമായ സ്ഥലം കണ്ടെത്താൻ കഴിയുമെന്നാണ് അവിടത്തെ ജനപ്രതിനിധികൾ അറിയിച്ചിട്ടുള്ളത്. ഈ വർഷം തന്നെ സ്ഥലം കണ്ടെത്തി പണി ആരംഭിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ വൻകിട വ്യവസായങ്ങൾ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ തടയാൻ ഒരു Hazardous Waste Disposal System എഫ്.എ.സി.ടി.യുടെ സ്ഥലത്ത് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. നവംബർ 24-ന് മുഖ്യമന്ത്രി ഈ പ്രോജക്ടിന് തറക്കല്ലിടും. ട്രാവൻകൂർ റയോൺസിനുവേണ്ടി യു.ഡി.എഫ്.ന്റെ കാലത്ത് തയ്യാറാക്കിയ പാക്കേജിന് പുതിയ ഒരു പ്രൊമോട്ടറെ കണ്ടെത്താൻ തീരുമാനിച്ചിരിക്കുകയാണ്. ആ സ്ഥാപനം തുറക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വളരെക്കാലമായി പൂട്ടിക്കിടക്കുന്ന സൗത്ത് ഇൻഡ്യാ വയർ വർക്സ് തുറന്നു പ്രവർത്തിപ്പിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ പൂട്ടിക്കിടക്കുന്ന അഞ്ച് യൂണിറ്റുകൾ തുറക്കുന്നതു സംബന്ധിച്ച് പ്രോജക്ട് തയ്യാറാക്കാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ നിയോഗിച്ചിട്ടുണ്ട്. കേരളാ സ്പിന്നേഴ്സ്

തുറക്കാനാവശ്യമായ നടപടി സ്വീകരിക്കും. കണ്ണൂരിലെ തിരുവേപ്പതി മില്ലിന് മുൻ മുഖ്യമന്ത്രി നായനാരുടെ പേർ നിർദ്ദേശിക്കണമെന്നത് തിരുവേപ്പതി മില്ലിലെ തൊഴിലാളികൾ അംഗീകരിച്ച തീരുമാനമാണ്. ശോഭാ ഗ്രൂപ്പുമായി സംയോജിച്ച് 5 കോടി രൂപയുടെ ഹൈടെക്ക് സിറ്റി എന്ന പ്രോജക്ട് നടപ്പിലാക്കാൻ ഗവൺമെന്റ് സഹായം നൽകുന്നതാണ്. പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കുകയും അവിടെ മറ്റ് വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാനാവശ്യമായ മുൻകൈ എടുക്കുകയും ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി സ്വകാര്യ വ്യക്തി കൾക്ക് വിൽക്കാതെ മറ്റ് വ്യവസായ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ഉപയോഗിക്കാനുള്ള സാദ്ധ്യത ആരായും. കോട്ടയത്ത് ടൗൺ ഓഫ് എക്സ്പോർട്ട് ഇൻ എക്സലൻസി യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കും. പരമ്പരാഗത മേഖലയായ കൈത്തറിയെ രക്ഷിക്കാൻ മലയാളികൾ ആഴ്ചയിൽ ഒരു ദിവസം കൈത്തറിയോ ഖാദിവസ്ത്രമോ ധരിക്കുക എന്ന കാമ്പെയിൻ നടത്താൻ ഉദ്ദേശിക്കുകയാണ്. മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഉപയോഗിക്കുന്ന ബെഡ് ഷീറ്റ്, പില്ലോ കവർ, ബാൻഡേജ്, കോട്ടൺ എന്നിവയ്ക്കായി കൈത്തറി–ഖാദി ഉൽപ്പന്നങ്ങൾ വാങ്ങാൻ സന്നദ്ധമാണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പു മന്ത്രിയുമായി ചർച്ചചെയ്ത് അടുത്ത അദ്ധ്യയനവർഷം മുതൽ സ്കൂളുകളിൽ കാമ്പെയിൻ നടത്തി ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികൾ ഖാദി/കൈത്തറി യൂണിഫോം ധരിക്കാനുള്ള നടപടി സ്വീകരിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആരോഗ്യ വകുപ്പിനും ക്രെഡിറ്റ് വ്യവസ്ഥയിൽ തുണി നൽകാൻ ഹാന്റക്സ് തയ്യാറാണ്. കൈത്തറി മേഖലയിൽ പുതിയ ഡിസൈൻ

ആവിഷ്ക്കരിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുകയും കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഖാദി പ്രൊഡക്ഷൻ സെന്ററുകൾ നവീകരിക്കുകയും കരകൗശല രംഗത്ത് ടൂറിസവുമായി സംയോജിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും. കെൽപ്പാമിന്റെ ലെഹർപാം ഡിപ്പോകളിൽ കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ബാംബൂ കോർപ്പറേഷനിലെ 3 ലക്ഷം തൊഴിലാളി കൾക്ക് ഗുണം കിട്ടുന്ന നാഷണൽ മിഷൻ ഓൺ ബാംബൂ ആപ്ളിക്കേഷൻസ് തയ്യാറാക്കിയ 3 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ബീഡി മേഖലയിൽ വ്യവസായ വകുപ്പ് ഡയറക്ടർ കൺവീനറായ കമ്മിറ്റിയുടെ റിപ്പോർട്ട് ട്രേഡ് യൂണിയനികളു മായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ദിനേശ് ബീഡിയുടെ പുനരുദ്ധാരണത്തിന് നാലരക്കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി ഈ വർഷം ആ പദ്ധതി ലോഞ്ച് ചെയ്യും. ടൈൽ വ്യവസായ മേഖലയിൽ കോഴിക്കോടും തൃശൂരും ആവശ്യത്തിന് റാമെറ്റീരിയൽ കൊടുക്കാനുള്ള നടപടി സ്വീകരിക്കും. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ക്ളേ കിട്ടുന്ന ഏരിയകളിൽ പ്രത്യേക സർവ്വേ നടത്താനും ഇൻഡസ്ട്രിയൽ ഏരിയയായി ഡിക്ളെയർ ചെയ്യാനും റവന്യു വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കും. തൃശൂരിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തടസ്സപ്പെടാത്ത രീതിയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കും. എസ്.എസ്.ഐ. മേഖലയിൽ ക്ളസ്റ്റർ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കും. കൊല്ലം ജില്ലയിൽ 120 കോടി രൂപയുടെ നിക്ഷേപം വരുന്ന ഒരു ഗ്രോത്ത് പോൾ, എംപ്ളോയ്മെന്റ്, ഇൻഫ്രാസ്ട്രക്ച്ചർ,

ട്രേഡിംഗ് എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഐ.ഐ.എം–നെ ചുമതലപ്പെടുത്തിക്കൊണ്ട് 78 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് എന്നിവ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കിട്ടിയിട്ടുണ്ട്. സിംഗിൾ വിൻഡോ ആക്ട് ഭേദഗതി ചെയ്ത് നയപരമായ തീരുമാനമെടുക്കും. സിഡ്കോ അലോട്ടീസിന് നൽകുന്ന പട്ടയനടപടികൾ കൂടുതൽ സുതാര്യമാക്കാൻ തീരുമാനിച്ചു. തിരുവണ്ണൂർ കോട്ടൺ മിൽ നവംബർ 13–ാം തീയതി തുറന്ന് പ്രവർത്തനം ആരംഭിക്കും. പൂട്ടിക്കിടക്കുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ദീർഘകാലമായി പൂട്ടിയിട്ടിരിക്കുന്ന മെട്രോ പൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനിക്കുവേണ്ടി പുതിയ പ്രോജക്ട് തയ്യാറാക്കാൻ കെ.എസ്.ഐ.ഇ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബാങ്കുകളുമായി ചർച്ച ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരധിവാസം സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ഡി.പി.യുടെ പുനരുദ്ധാരണത്തിന് ആരോഗ്യ വകുപ്പുമായി ചർച്ച ചെയ്ത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമായ സാധനങ്ങൾ ടെൽക്, കെൽ, സിൽക്ക്, ട്രാക്കോ കേബിൾ കമ്പനി എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നത് സംബന്ധിച്ച ധാരണ ഉണ്ടാക്കിയിട്ടുണ്ട്. ടെൽക് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി.യുമായി ചേർന്ന് വികസന പ്രവർത്തനത്തിനുള്ള ധാരണ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കെൽടെക്ക്, കെൽട്രോൺ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഐ.എസ്.ആർ.ഒ.യുമായി ചേർന്ന് വികസിപ്പിക്കുന്ന പദ്ധതി ഐ.എസ്.ആർ.ഒ. ചെയർമാനുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ആട്ടോകാസ്റ്റ് പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇന്റഗ്രൽ കോച്ച് ഫാക്ടറി

മാനേജ്മെന്റുമായും ചർച്ച നടത്തുകയും ഇതു സംബന്ധിച്ച എം.ഒ.യു. ഒപ്പുവയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയുമാണ്. ട്രാവൻകൂർ സിമന്റ്സിന്റെ പുനരുദ്ധാരണത്തിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. 12 പൊതു മേഖലാ സ്ഥാപനങ്ങൾ ഈ വർഷം പുനരുദ്ധരിക്കും. കെ.എം.എം.എൽ–നു വേണ്ടി കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായി ബന്ധപ്പെട്ട ഒരു വികസന പദ്ധതി ആലോചിക്കുന്നുണ്ട്. വാണിജ്യ വകുപ്പിനെ ശക്തിപ്പെടുത്തും. വ്യവസായ വകുപ്പ് കമ്പ്യൂട്ടർ വൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിന്റെ പ്രശ്നം തൊഴിൽ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയശേഷം തീരുമാനിക്കുന്നതാണ്. ഐ.ടി.യുമായി ബന്ധപ്പെട്ട് സിഡ്കോ ടെലിഫോൺ സിറ്റി സ്ഥാപിക്കാനും പബ്ളിക് സെക്ടറിലെ സി.ഇ.ഒ.മാരുടെ നിയമനത്തിന് ഒരു സെലക്ഷൻ ബോർഡ് രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): പതിനൊന്നാം പഞ്ചവത്സര പദ്ധതിയെ മുന്നിൽ കണ്ടുകൊണ്ടും ചരക്ക് ഗതാഗതത്തിൽ കേരളത്തിന്റെ പങ്ക് വർദ്ധിപ്പിക്കാനുമായി ഒരു തുറമുഖ നയം ആവിഷ്ക്ക രിക്കാൻ സർക്കാർ ആലോചിക്കുന്നു. അടുത്ത പത്ത് വർഷംകൊണ്ട് കപ്പൽ ചരക്ക് ഗതാഗതത്തിൽ മുൻപന്തിയിലുള്ള മൂന്ന് സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ മാറ്റിയെടുക്കും. കപ്പൽ നിർമ്മാണമുൾപ്പെടെയുള്ള തുറമുഖാ ധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുകയും തുറമുഖ മേഖലയിലെ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്ന മാരിടൈം അക്കാഡമി, മാരിടൈം യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിക്കുകയും ചെയ്യും. കാസർകോട്, അഴീക്കൽ, കണ്ണൂർ, തലശ്ശേരി, ബേപ്പൂർ, കോഴിക്കോട്, പൊന്നാനി, മുനമ്പം,

ആലപ്പുഴ, നീണ്ടകര, കൊല്ലം, തങ്കശ്ശേരി, വലിയതുറ എന്നീ വൻകിട ഇടത്തരം തുറമുഖങ്ങളെ പത്ത് വർഷംകൊണ്ട് വികസിപ്പിക്കുകയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. 31–1–2005–ൽ ദുബായ് പോർട്ടുമായി കരാർ ഒപ്പിട്ട വല്ലാർപാടത്തിന്റെ ടെക്നിക്കൽ പഠനങ്ങൾ പൂർത്തിയാക്കുകയും പരിസ്ഥിതി ക്ളിയറൻസും മറ്റ് അടിസ്ഥാന സൗകര്യങ്ങളായ റോഡ് കണക്ടിവിറ്റി, റെയിൽ കണക്ടിവിറ്റി എന്നിവ പൂർത്തിയാക്കി 1–4–2007–ൽ ടെർമിനലിന്റെ പണി തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖങ്ങളുടെ തുറമുഖ മെന്നും ഇൻഡ്യയുടെ കവാടമെന്നും വിശേഷിപ്പിക്കാവുന്ന വിഴിഞ്ഞത്ത് ഇന്റർനാഷണൽ കൺടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ നിർമ്മിക്കാ നുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി നിർമ്മിക്കുന്ന പ്രസ്തുത ടെർമിനലിന്റെ ഒന്നാം ഘട്ടത്തിന് 1850 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽനിന്നും 370 കോടി രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് കിട്ടും. ഇലക്ട്രിക്കൽ ടൂർ കമ്പനി, ചൈനയിലെ കെയ്ദി കമ്പനി, ചൈന സർക്കാരിന്റെ പ്രധാന ഉടമസ്ഥതയിലുള്ള ചൈനയിലെ ഹാർബർ എഞ്ചിനീയറിംഗ് കമ്പനി, മുംബൈയിലെ സൂം ഡെവലപ്പേഴ്സ് എന്നീ കമ്പനികളാണ് കൺസോർഷ്യം എടുത്തിട്ടുള്ളത്. കാലവിളംബം കൂടാതെ ചൈനീസ് കമ്പനി ഉൾപ്പെടെയുള്ള കമ്പനികളുടെ ക്ളിയറൻസ് നേടിയെടുക്കണം. കേരളത്തിന്റ ചരിത്രത്തിലാദ്യമായി വിഴിഞ്ഞം ടെർമിനലി നുവേണ്ട വികസന പ്രവർത്തനത്തിനുവേണ്ടി സർവ്വകക്ഷി യോഗം വിളിക്കുകയും പ്രധാനമന്ത്രിയെക്കണ്ട് നടപടി സ്വീകരിക്കണമെന്ന് ഒറ്റസ്വരത്തിൽ ആവശ്യപ്പെടുകയും ചെയ്തു. കാലവിളംബം കൂടാതെ ക്ളിയറൻസ് നേടാൻ സാധിച്ചില്ലെങ്കിൽ ഗ്ളോബൽ ടെൻഡർ വിളിക്കണം. ഗ്ളോബൽ ടെൻഡറിൽ ചൈനീസ് കമ്പനി കടന്നുവന്നാൽ തടയാൻ

കഴിയണമെങ്കിൽ കേന്ദ്ര ഗവൺമെന്റ് നിയമം പാസ്സാക്കണം. ക്ളിയറൻസ് കിട്ടിക്കഴിഞ്ഞാൽ 3 വർഷംകൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കാം. പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പോടെയുള്ള വിവിധോദ്ദേശ തുറമുഖമായി അഴീക്കൽ തുറമുഖത്തെ വികസിപ്പിക്കും. കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖാന്തിരം ഇതിന്റെ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ബേപ്പൂരിൽ തുറമുഖ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള 152 മീറ്റർ വാർഫിന് പുറമേ 160 മീറ്റർ വാർഫിന്റെ പണി പൂർത്തിയാക്കും. ലക്ഷദ്വീപിൽനിന്നുള്ള യാത്രക്കാരുടെയും കയറ്റുമതിക്കാരുടെയും സൗകര്യംകൂടി കണക്കിലെടുത്ത് അവിടത്തെ പുതിയ ടെർമിനലിന്റെ പണി പൂർത്തിയാക്കി കേരളപ്പിറവിയുടെ അൻപതാം വാർഷികത്തോടനുബന്ധിച്ച് നവംബർ 4-ന് കമ്മിഷൻ ചെയ്യും. വിനോദസഞ്ചാര സാദ്ധ്യതകൾ കണക്കിലെടുത്ത് ആലപ്പുഴയെ മറൈൻ പോർട്ടായി വികസിപ്പിക്കും. ഇതിനായി എൽ.ആന്റ്.ടി. റാംബോ എന്ന കൺസൽട്ടിംഗ് കമ്പനിയെ നിയോഗിച്ച് വിശദമായ സാദ്ധ്യതാപഠനം നടത്തി ആഗോള ടെൻഡർ വിളിക്കും. കൊല്ലം ജില്ലയിലെ തങ്കശ്ശേരിയിൽ കയറ്റിറക്കുമതി പ്രവർത്തനങ്ങൾ തുടങ്ങാനാവശ്യമായ 150 മീറ്റർ നീളമുള്ള ബെർത്തിന്റെ 50 മീറ്റർ നീളം പൂർത്തിയായി; അതിന്റെ കമ്മിഷനിംഗ് കേരളപ്പിറവിയുടെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് നിർവ്വഹിക്കും. പോർട്ട് വകുപ്പിന്റെ കീഴിൽ മാരിടൈം അക്കാഡമി സ്ഥാപിക്കും. തുറമുഖ വകുപ്പും സഹകരണ വകുപ്പും സംയോജിതമായി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നതാണ്. നഷ്ടത്തിലും ജീർണ്ണാവസ്ഥയിലുമുള്ള മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനെ പുനരുദ്ധരിക്കും. ഇൻലാന്റ് നാവിഗേഷൻ ഉൾക്കൊള്ളിച്ചുകൊണ്ടും സമഗ്രവികസനം ലക്ഷ്യംവച്ചു കൊണ്ടുമുള്ള മാരിടൈം ബോർഡ് രൂപീകരിക്കും. തുറമുഖങ്ങളുടെ വികസന

ത്തിന്റെ ഭാഗമായി തുറമുഖങ്ങളെ കണക്ട് ചെയ്തുകൊണ്ടുള്ള ഡെഡിക്കേറ്റഡ് റെയിൽ ഫ്ളൈറ്റ് കോറിഡോർ പദ്ധതി സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. തുറമുഖ വകുപ്പിന്റെ കീഴിൽ ഷിപ്പ് ബിൽഡിംഗ് ആന്റ് റിപ്പെയർ യാർഡ് ആരംഭിക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. സുനാമി ദുരിതാശ്വാസ പദ്ധതിയിൽ പോർട്ടുകളുടെ വികസനത്തിന് 44 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും 13–നെതിരെ 52 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ</u>

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 6.00 മണിക്ക് പിരിഞ്ഞു.